തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

കേരള സർക്കാർ

LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്

# തദ്ദേശകം

ജൂൺ 2026 പുസ്തകം 2 ലക്കം 6



## പങ്കാളിത്ത വികസനം ഇന്നും ഇനിയും

കേരള സർക്കാർ

# അഴിമതി രഹിത തദ്ദേശ സ്ഥാപനങ്ങൾ

**തദ്ദേശ സ്വയംഭരണ വകുപ്പ്
എന്നും ജനങ്ങൾക്കൊപ്പം...**

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ
അഴിമതി / കൈക്കൂലി സംബന്ധിച്ച
പരാതികൾ പൊതുജനങ്ങൾക്ക്

**807 806 60 60**

എന്ന വാട്സ്ആപ്പ് നമ്പറിൽ
അറിയിക്കാം.

തദ്ദേശ സ്വയം ഭരണ വകുപ്പ്, കേരള സർക്കാർ

തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ

# തദ്ദേശകം

ജൂൺ 2026 പുസ്തകം 2 ലക്കം 6

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

*ചെയർമാൻ*
**കെ എം ഷാജി**
തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി

*കൺവീനർ*
**ഡോ. ദിവ്യ എസ്. അയ്യർ** ഐ.എ.എസ്
പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ.

*അംഗങ്ങൾ*
**അപൂർവ്വ ത്രിപാഠി** ഐ.എ.എസ്
ഡയറക്ടർ, എൽ.എസ്.ജി.ഡി (റൂറൽ)
**സൂരജ് ഷാജി.** ഐ.എ.എസ്
ഡയറക്ടർ, എൽ.എസ്.ജി.ഡി (അർബൻ)
**എൻ ദേവിദാസ്** ഐ.എ.എസ്
ഡയറക്ടർ, കില

**ചീഫ് ടൗൺ പ്ലാനർ**

**സന്ദീപ്. കെ.ജി**
ചീഫ് എൻജിനീയർ

**എം.പി. അജിത്കുമാർ**
അഡീഷണൽ ഡയറക്ടർ

പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്
അസോസിയേഷൻ

ചെയർപേഴ്സൺ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചേംബർ

ചെയർമാൻ, ചേംബർ ഓഫ് മുൻസിപ്പൽ ചെയർമാൻ

പ്രസിഡന്റ്, മേയേർസ് കൗൺസിൽ സെക്രട്ടറി,
പ്രസ് ക്ലബ്, തിരുവനന്തപുരം

*എഡിറ്റർ*
**ദീപ. കെ.**
*ചീഫ് ഓഫീസർ,*
കമ്മ്യൂണിക്കേഷൻ & പബ്ലിക് റിലേഷൻസ്

*അസിസ്റ്റന്റ് എഡിറ്റർ*
**ദിനിൽ. ആർ**
സ്റ്റേറ്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ,

*കമ്മ്യൂണിക്കേഷൻ അസിസ്റ്റന്റ്*
**ഷിജു ഏലിയാസ്**

*സർക്കുലേഷൻ മാനേജർ*
**ജയപ്രകാശ്. കെ**
അസിസ്റ്റന്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ

*കവർ & ലേ-ഔട്ട്*
**ദീപക് മൗത്താട്ടിൽ**

*ഓഫീസ്*
എൽ.എസ്.ജി.ഡി. ഇൻഫർമേഷൻ ബ്യൂറോ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ. പി.ഒ. തിരുവനന്തപുരം-03
ഫോൺ- 0471 2317262

ribkerala@gmail.com
lsgdpr2024@gmail.com

## എഡിറ്റോറിയൽ

# പങ്കാളിത്ത വികസനം ഇന്നും ഇനിയും

കേരളത്തിലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും വൈവിധ്യമാർന്ന പദ്ധതികളാണ് സംസ്ഥാനത്തുടനീളം നടപ്പിലാക്കിവരുന്നത്. ഗ്രാമീണ തൊഴിലുറപ്പും ഉപജീവനസുരക്ഷയും ഉറപ്പാക്കുന്ന മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS), ഭവനരഹിതർക്ക് സുരക്ഷിതമായ പാർപ്പിടം ഒരുക്കുന്ന ലൈഫ് മിഷൻ, നഗര-ഗ്രാമ മേഖലകളിലെ പാർപ്പിട ആവശ്യങ്ങൾ അഭിസംബോധന ചെയ്യുന്ന പ്രധാനമന്ത്രി ആവാസ് യോജന (PMAY), മാലിന്യസംസ്കരണത്തിലും ശുചിത്വത്തിലും പുതിയ മാതൃകകൾ സൃഷ്ടിക്കുന്ന ശുചിത്വ മിഷൻ, സ്ത്രീശാക്തീകരണത്തിന്റെയും ഉപജീവന സംരംഭങ്ങളുടെയും കരുത്തായ കുടുംബശ്രീ എന്നിവയും കുടിവെള്ളം, അടിസ്ഥാനസൗകര്യ വികസനം, നഗരവികസനം, ദാരിദ്ര്യനിർമാർജനം, ഡിജിറ്റൽ ഭരണസംവിധാനം തുടങ്ങിയ മേഖലകളിലെ പരസ്പരപൂരകങ്ങളായ വിവിധ പദ്ധതികളും കേരളത്തിന്റെ വികസനയാത്രയെ മുന്നോട്ട് നയിക്കുന്നു.

കേരളത്തിന്റെ സമഗ്ര പുരോഗതിയുടെ അടിത്തറ ശക്തിപ്പെടുത്തുന്ന ഈ പദ്ധതികളുടെ ഒരു അവലോകനമാണ് ഈ ലക്കത്തിൽ അവതരിപ്പിക്കുന്നത്. ഓരോ പദ്ധതിയുടെയും ലക്ഷ്യങ്ങൾ, ഇതുവരെ കൈവരിച്ച നേട്ടങ്ങൾ, നിലവിലെ പുരോഗതി, നേരിടുന്ന വെല്ലുവിളികൾ, ഭാവിയിലെ സാധ്യതകൾ എന്നിവ വിശകലനം ചെയ്യുന്ന ഹ്രസ്വ ലേഖനങ്ങളാണ് ഈ പതിപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

വികസനത്തിന്റെ കഥ വിജയങ്ങളുടെ ആഘോഷം മാത്രമല്ല; അത് തുടർച്ചയായ വിലയിരുത്തലിന്റെയും സ്വയംപരിശോധനയുടെയും മെച്ചപ്പെടുത്തലിന്റെയും പ്രക്രിയ കൂടിയാണ്. പരസ്പരം ബന്ധിപ്പിക്കപ്പെട്ട വികസനശൃംഖലയുടെ ഭാഗങ്ങളാണ് ഈ പദ്ധതികൾ. ശുചിത്വ സംവിധാനങ്ങൾ മെച്ചപ്പെടുമ്പോൾ പൊതുജനാരോഗ്യത്തിന്റെ നിലവാരവും ഉയരുന്നു. സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം പ്രാദേശിക സമ്പദ്‌വ്യവസ്ഥയ്ക്ക് പുതിയ ഊർജം പകരുന്നു. തൊഴിലുറപ്പും അടിസ്ഥാനസൗകര്യ വികസനവും ഗ്രാമീണ സമ്പദ്‌വ്യവസ്ഥയ്ക്ക് കരുത്ത് നൽകുന്നു. ഒരു ദരിദ്ര കുടുംബത്തിന് വീട് ലഭിക്കുമ്പോൾ അത് പാർപ്പിടസുരക്ഷയ്ക്കൊപ്പം ആരോഗ്യത്തെയും വിദ്യാഭ്യാസത്തെയും സാമൂഹിക സുരക്ഷയുടെ മറ്റ് തലങ്ങളെയും സ്പർശിക്കുന്നു.

അതുകൊണ്ടുതന്നെ, പദ്ധതികളുടെ പുരോഗതി വിലയിരുത്തുക എന്നത് കേരളത്തിന്റെ സമഗ്ര വികസനത്തിന്റെ ദിശ പരിശോധിക്കുന്നതിന് തുല്യമാണ്. ജനകീയാസൂത്രണത്തെ ഇനിയും ശക്തിപ്പെടുത്താനും പ്രാദേശിക ഭരണത്തെ കൂടുതൽ ഫലപ്രദമാക്കാനും ഇത്തരം അവലോകനങ്ങൾ പ്രചോദനമാകുമെന്ന പ്രത്യാശയോടെ ഈ ലക്കം വായനക്കാർക്ക് സമർപ്പിക്കുന്നു.

എഡിറ്റർ

# ഉള്ളടക്കം










06
ജനമനസ്സറിഞ്ഞ തദ്ദേശഭരണം
ജനാധിപത്യത്തിന്റെ ഹൃദയം
കെ.എം. ഷാജി,
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

16
വികേന്ദ്രീകൃത ആസൂത്രണം

18
കുടുംബശ്രീ
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന ദൗത്യം


**തദ്ദേശകം മാസികയിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനങ്ങൾ, വികസനവാർത്തകൾ, റിപ്പോർട്ടുകൾ, കത്തുകൾ എന്നിവ ribkerala@gmail.com ൽ അയയ്ക്കുക**








22
ലൈഫ് മിഷൻ

24
ശുചിത്വ മിഷൻ

26
കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പദ്ധതി

28
ക്ലീൻ കേരള കമ്പനി ലിമിറ്റഡ്

30
മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എ

32
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA)

33
ഐ.കെ.എമ്മും കേരളത്തിന്റെ
ഇ-ഗവേണൻസ് വിപ്ലവവും

34
അമൃത് മിഷൻ

36
പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ)

37
ദേശീയ പഞ്ചായത്ത് അവാർഡുകൾ
കേരളത്തിന്റെ മികവിന് അംഗീകാരം

38
ഹരിപ്പാട് മികച്ച ബ്ലോക്ക് പഞ്ചായത്ത്
നാഥൻ വി.കെ., പ്രസിഡന്റ്, ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്

40
ഒറ്റൂർ ഗ്രാമപഞ്ചായത്തിന്
ദേശീയ പഞ്ചായത്തീരാജ് പുരസ്കാരം
ജയചന്ദ്രൻ ജി., പ്രസിഡന്റ്, ഒറ്റൂർ ഗ്രാമപഞ്ചായത്ത്

42
'പാഴ് വസ്തുക്കളിൽ നിന്ന്
മാതൃകാ പൂന്തോട്ടം'




# ജനമനസ്സറിഞ്ഞ തദ്ദേശഭരണം ജനാധിപത്യത്തിന്റെ ഹൃദയം

**കെ.എം. ഷാജി,** ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

(2026 ജൂൺ 16-ന് തിരുവനന്തപുരം പഞ്ചായത്ത് ഭവനിൽ നടന്ന കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ 36-ാമത് ജനറൽ ബോഡി യോഗത്തിൽ നടത്തിയ പ്രസംഗം.)

സുഹൃത്തുക്കളേ,

ഇന്ന് എനിക്ക് ഏറെ പ്രത്യേകതയുള്ള ദിവസമാണ്. ഞാൻ ഇന്ന് നിങ്ങളുടെ മുന്നിൽ നിൽക്കുന്നത് ഒരു മന്ത്രിയായിട്ടു മാത്രമല്ല; ജനങ്ങളോട് ഏറ്റവും അടുത്ത് പ്രവർത്തിക്കുന്ന ജനപ്രതിനിധികളോട് സംവദിക്കുന്ന മറ്റൊരു ജനപ്രതിനിധിയായാണ്. സ്വാതന്ത്ര്യാനന്തരം ഇന്ത്യ നേരിട്ട ഏറ്റവും വലിയ വെല്ലുവിളി എന്താണെന്ന് ഫ്രഞ്ച് എഴുത്തുകാരനായ ആൻദ്രേ മാൽറോ (Andre Malraux) ജവഹർലാൽ നെഹ്റുവിനോട് ചോദിച്ചപ്പോൾ, 'നീതിയുക്തമായ മാർഗങ്ങളിലൂടെ നീതിയുക്തമായ ഒരു സമൂഹം സൃഷ്ടിക്കുക' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വെറും ഭരണസംവിധാനത്തിന്റെ ഭാഗമല്ല; അവ ജനാധിപത്യത്തിന്റെ ഹൃദയമിടിപ്പും അതിന്റെ യഥാർഥ അടിത്തറയുമാണ്. സെക്രട്ടേറിയറ്റിന്റെ ചുവരുകൾക്കുള്ളിൽ സർക്കാരിന്റെ യഥാർത്ഥ മുഖം എല്ലായ്പ്പോഴും കാണാനാവില്ല. എന്നാൽ ഒരു ഗ്രാമപഞ്ചായത്ത് ഓഫീസിൽ അത് വ്യക്തമായി കാണാം. ഒരു വൃദ്ധന്റെ സാമൂഹ്യ സുരക്ഷാ പെൻഷനിലും, ഒരു ഭിന്നശേഷിക്കാരന് ലഭിക്കുന്ന പിന്തുണയിലും, ഒരു നിർധന കുടുംബത്തിന് ലഭിക്കുന്ന ഭവനസഹായത്തിലും, ചികിത്സയ്ക്കായി ബുദ്ധിമുട്ടുന്ന രോഗിക്ക് ലഭിക്കുന്ന സഹായത്തിലും, തൊഴിൽ തേടുന്ന ഒരു യുവാവിന് ലഭിക്കുന്ന പുതിയ അവസരത്തിലുമെല്ലാം സർക്കാരിന്റെ യഥാർഥ മുഖം പ്രതിഫലിക്കുന്നു.

പഞ്ചായത്തിലേക്ക് കടന്നുവരുന്ന ഓരോ പൗരനും ഒരു അപേക്ഷയോ ഫയലോ മാത്രമല്ല. സ്വപ്നങ്ങളും പ്രതീക്ഷകളും ആശങ്കകളും അന്തസ്സുമുള്ള ഒരു മനുഷ്യനാണ്. സേവനങ്ങൾ തേടി ജനങ്ങൾ ഓഫീസുകളിലെത്തുന്നതുവരെ സർക്കാർ സംവിധാനങ്ങൾ കാത്തിരിക്കരുത്. സർക്കാർ സേവനങ്ങൾ ജനങ്ങളിലേക്കെത്തണം. ദീർഘകാലമായി പല സ്ഥലങ്ങളിലും ഗ്രാമപഞ്ചായത്ത് ഓഫീസുകളെ നികുതി അടയ്ക്കാനും സർട്ടിഫിക്കറ്റുകൾ വാങ്ങാനും അപേക്ഷകൾ സമർപ്പിക്കാനുമുള്ള ഇടങ്ങളായി മാത്രം കാണുന്ന ഒരു സമീപനമുണ്ട്. ആ കാഴ്ചപ്പാട് നമുക്ക് മാറ്റണം. പഞ്ചായത്ത് പരിചരണത്തിന്റെയും വികസനത്തിന്റെയും അവസരങ്ങളുടെയും പ്രതീക്ഷയുടെയും കേന്ദ്രമായി മാറണം. അതിന് ആദ്യം പഞ്ചായത്ത് സ്വന്തം ജനങ്ങളെ അറിയണം.

പ്രിയപ്പെട്ട പ്രസിഡന്റുമാരേ,

നമ്മിൽ എത്രപേർക്ക് സ്വന്തം ഗ്രാമപഞ്ചായത്തിലെ യഥാർഥ സാമൂഹിക ചിത്രം വ്യക്തമായി അറിയാം? എത്ര വിധവകൾ നമ്മുടെ ഗ്രാമത്തിൽ താമസിക്കുന്നു? എത്ര വൃദ്ധരാണ് ഒറ്റയ്ക്ക് കഴിയുന്നത്? എത്ര ഭിന്നശേഷിക്കാർക്ക് അധിക പിന്തുണ ആവശ്യമാണ്? എത്ര കിടപ്പുരോഗികൾക്ക് സ്ഥിരമായ പരിചരണം



വേണം? വാടകവീടുകളിൽ കഴിയുന്ന എത്ര കുടുംബങ്ങൾ പ്രയാസങ്ങൾ നേരിടുന്നു? പഠനത്തിലോ പെരുമാറ്റത്തിലോ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന എത്ര കുട്ടികളുണ്ട്? തൊഴിൽ ലഭിക്കാതെ കഴിയുന്ന എത്ര യുവാക്കളുണ്ട്? എത്ര കർഷകർ, മത്സ്യത്തൊഴിലാളികൾ, ചെറുകിട തൊഴിലാളികൾ, ഓട്ടോറിക്ഷ തൊഴിലാളികൾ, തെരുവ് കച്ചവടക്കാർ, ദിവസവേതന തൊഴിലാളികൾ എന്നിവർ നമ്മുടെ പിന്തുണ പ്രതീക്ഷിക്കുന്നു? നമ്മുടെ ജനങ്ങളെ നമുക്ക് അറിയില്ലെങ്കിൽ അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കാനും അവർക്കനുസരിച്ചുള്ള പദ്ധതികൾ രൂപപ്പെടുത്താനും എങ്ങനെ കഴിയും? ഓരോ പഞ്ചായത്തിന്റെയും പ്രഥമ ഉത്തരവാദിത്തം സ്വന്തം ജനങ്ങളെ അറിയുക എന്നതായിരിക്കണം. അവരുടെ ജീവിതസാഹചര്യങ്ങൾ മനസ്സിലാക്കണം. അവരുടെ പ്രശ്നങ്ങൾ തിരിച്ചറിയണം. അതിന് അനുയോജ്യമായ പരിഹാരങ്ങൾ കണ്ടെത്തണം.

ഓരോ ഗ്രാമപഞ്ചായത്തും ഒരു പുതിയ വികസന ഭൂപടം തയ്യാറാക്കണം. അത് റോഡുകളുടെയും കെട്ടിടങ്ങളുടെയും മാത്രം ഭൂപടമാകരുത്; മനുഷ്യരുടെ ആവശ്യങ്ങളുടെയും സാധ്യതകളുടെയും ഭൂപടമായിരിക്കണം. ഫയലുകളെ കേന്ദ്രീകരിച്ചുള്ള ഭരണത്തിൽ നിന്ന് ജനങ്ങളുടെ ആവശ്യങ്ങളെ കേന്ദ്രീകരിച്ചുള്ള ഭരണത്തിലേക്കാണ് നാം മുന്നേറേണ്ടത്. സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ അനുവദിച്ച തുക ചെലവഴിച്ചുതീർക്കുന്ന ഒരു പ്രക്രിയ മാത്രമായി നമ്മുടെ പദ്ധതിനിർവഹണം മാറരുത്. എത്ര പണം ചെലവഴിച്ചു എന്നതല്ല വികസനത്തിന്റെ യഥാർഥ അളവുകോൽ. എത്ര ജീവിതങ്ങൾ മാറി, എത്ര കുടുംബങ്ങൾ കൂടുതൽ കരുത്താർജിച്ചു, എത്ര കുട്ടികൾക്ക് പുതിയ അവസരങ്ങൾ ലഭിച്ചു, എത്ര വയോധികർക്ക് കൂടുതൽ സുരക്ഷിതത്വബോധം നൽകാനായി, എത്ര ദുർബലർക്ക് കരുത്തേകാൻ കഴിഞ്ഞു – ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളാണ് നമ്മുടെ വികസനത്തിന്റെ യഥാർഥ സൂചികകൾ.

ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റേതായ പ്രത്യേകതകളുണ്ട്. ചില ഗ്രാമപഞ്ചായത്തുകൾക്ക് ടൂറിസം സാധ്യതകളുണ്ട്. ചിലതിന് കാർഷിക മികവുണ്ട്. ചിലതിന് പരമ്പരാഗത വ്യവസായങ്ങളുടെ കരുത്തുണ്ട്. ചിലതിന് സമ്പന്നമായ സാംസ്കാരിക പൈതൃകമുണ്ട്. മറ്റു ചിലയിടങ്ങളിൽ കഴിവുറ്റ യുവജനങ്ങളാണ് ഏറ്റവും വലിയ സമ്പത്ത്. ഓരോ ഗ്രാമപഞ്ചായത്തിന്റെയും ഈ അന്തർലീനമായ ശക്തികളെ തിരിച്ചറിയുകയും വികസനത്തിന്റെ ഊർജമാക്കി മാറ്റുകയും വേണം. ആനുകൂല്യങ്ങൾ വിതരണം ചെയ്യുക മാത്രമല്ല ഒരു ഗ്രാമപഞ്ചായത്തിന്റെ ദൗത്യം. അവസരങ്ങൾ സൃഷ്ടിക്കുകയെന്നതും അതിന്റെ പ്രധാന ഉത്തരവാദിത്തമാണ്.

അതിന് പ്രാദേശിക വിഭവങ്ങളെ ഏകോപിപ്പിക്കുന്ന ഒരു പുതിയ വികസന മാതൃക നമുക്ക് രൂപപ്പെടുത്തണം. വിരമിച്ച അധ്യാപകർക്കും ഡോക്ടർമാർക്കും എൻജിനീയർമാർക്കും നിയമവിദഗ്ധർക്കും മാനേജ്മെന്റ് വിദഗ്ധർക്കും സംരംഭകർക്കും പഞ്ചായത്തിന്റെ വികസനത്തിൽ പ്രധാന പങ്ക് വഹിക്കാൻ കഴിയും.

സാമൂഹിക സംഘടനകൾക്കും കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്ത (CSR) പദ്ധതികളിലൂടെ സഹകരിക്കാൻ സന്നദ്ധമായ സ്ഥാപനങ്ങൾക്കും പഞ്ചായത്തിന്റെ വികസനത്തിൽ വലിയ സംഭാവനകൾ നൽകാൻ കഴിയും.



ഓരോ ഗ്രാമപഞ്ചായത്തും ഒരു പുതിയ വികസനഭൂപടം തയ്യാറാക്കണം. അത് റോഡുകളുടെയും കെട്ടിടങ്ങളുടെയും മാത്രം ഭൂപടമാകരുത്; മനുഷ്യരുടെ ആവശ്യങ്ങളുടെയും സാധ്യതകളുടെയും ഭൂപടമായിരിക്കണം. ഫയലുകളെ കേന്ദ്രീകരിച്ചുള്ള ഭരണത്തിൽ നിന്ന് ജനങ്ങളുടെ ആവശ്യങ്ങളെ കേന്ദ്രീകരിച്ചുള്ള ഭരണത്തിലേക്കാണ് നാം മുന്നേറേണ്ടത്.



ഒരു ഗ്രാമപഞ്ചായത്തിന്റെ ഏറ്റവും വലിയ സമ്പത്ത് പണമല്ല; അതിലെ ജനങ്ങളാണ്. ഓരോ ഗ്രാമത്തിനും അറിവുണ്ട്. ഓരോ ഗ്രാമത്തിനും കഴിവുണ്ട്. ഓരോ ഗ്രാമത്തിനും സമ്പന്നമായ മനുഷ്യ വിഭവശേഷിയുണ്ട്. ഈ സാമൂഹിക മൂലധനത്തെ സർക്കാർ പദ്ധതികളുമായി ബന്ധിപ്പിക്കാൻ കഴിഞ്ഞാൽ പ്രാദേശിക വികസനത്തിന് പുതിയ വഴികൾ തുറക്കാൻ കഴിയും. വിരമിച്ച ഒരു അധ്യാപകന് പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പഠനത്തിൽ കൈത്താങ്ങാകാൻ കഴിയും. ഒരു ഡോക്ടർക്ക് ആരോഗ്യബോധവൽക്കരണ പ്രവർത്തനങ്ങൾക്കും പൊതുജനാരോഗ്യ പദ്ധതികൾക്കും നേതൃത്വം നൽകാൻ കഴിയും. ഒരു വിദഗ്ധന് യുവസംരംഭകരെ വഴിനടത്താൻ കഴിയും. കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്ത (CSR) പദ്ധതികളിലൂടെ സ്ഥാപനങ്ങൾക്ക് പ്രാദേശിക വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാകാം. യുവാക്കൾക്ക് നവീകരണത്തിന്റെയും സംരംഭകത്വത്തിന്റെയും പുതിയ മാതൃകകൾ സൃഷ്ടിക്കാൻ കഴിയും. ഇങ്ങനെയാണ് നമുക്ക് ഒരു പുതിയ വികസന മാതൃക രൂപപ്പെടുത്താൻ കഴിയുക. പ്രാദേശിക വിഭവങ്ങളെയും മനുഷ്യവിഭവശേഷിയെയും പരമാവധി പ്രയോജനപ്പെടുത്തുന്ന വികസന മാതൃക.

പ്രിയപ്പെട്ട പ്രസിഡന്റുമാരേ,

നമ്മുടെ മുതിർന്ന പൗരന്മാർ ഈ സമൂഹത്തിന്റെ അടിത്തറ കെട്ടിപ്പടുത്തവരാണ്. നമ്മുടെ കർഷകരും തൊഴിലാളികളും നമ്മുടെ സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നു. നമ്മുടെ കുട്ടികളിലാണ് നമ്മുടെ ഭാവി. അവരുടെ ക്ഷേമവും ശാക്തീകരണവുമാണ് നമ്മുടെ പ്രധാന ലക്ഷ്യം. ഒരു ഗ്രാമപഞ്ചായത്തിന്റെ വിജയം വിലയിരുത്തേണ്ടത് അതിന്റെ കെട്ടിടങ്ങളുടെ എണ്ണമോ ചെലവഴിച്ച തുകയോ നോക്കിയല്ല. സമൂഹത്തിലെ ഏറ്റവും ദുർബലനായ മനുഷ്യനോട് അത് എങ്ങനെ പെരുമാറുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്. ഏറ്റവും പാവപ്പെട്ട ഒരാൾക്ക് 'എന്റെ ഗ്രാമപഞ്ചായത്ത് എന്നോടൊപ്പം നിൽക്കുന്നു' എന്ന് തോന്നണം. ഒരു വയോധികന് 'എന്റെ ഗ്രാമം എന്നെ കരുതുന്നു' എന്ന് തോന്നണം. 'എന്റെ ഗ്രാമപഞ്ചായത്ത് എന്റെ ഭാവിക്ക് അവസരങ്ങൾ തുറന്നുതരുന്നു' എന്ന് ഒരു യുവാവിന് ആത്മവിശ്വാസത്തോടെ പറയാൻ കഴിയണം. ഈ ലക്ഷ്യത്തിലേക്കാണ് നമ്മുടെ പ്രവർത്തനങ്ങൾ മുന്നേറേണ്ടത്. അതിന് സുതാര്യമായ ഭരണസംവിധാനവും സമയബന്ധിതമായ സേവന വിതരണവും ഡിജിറ്റൽ സേവനങ്ങളുടെ വ്യാപനവും ഫലപ്രദമായ പരാതി പരിഹാര സംവിധാനവും സാമൂഹിക ഓഡിറ്റും ദുരന്തനിവാരണ സംവിധാനങ്ങളും കാര്യക്ഷമമായ മാലിന്യ സംസ്കരണവും കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കാൻ കഴിയുന്ന വികസന സമീപനവും നാം ശക്തിപ്പെടുത്തണം.

ഒരു പൗരനും സർക്കാർ ഓഫീസിലേക്ക് ഭയത്തോടെ പ്രവേശിക്കേണ്ട സാഹചര്യമുണ്ടാകരുത്. 'പഞ്ചായത്ത് വെറും ഒരു സർക്കാർ ഓഫീസല്ല;




ജനാധിപത്യത്തിന്റെ ഭവനമാണ്' എന്ന് അവർക്ക് തോന്നണം. വികസനത്തെ കാണുന്ന രീതിയിലും നമുക്ക് മാറ്റം വരുത്തേണ്ടതുണ്ട്. ഓരോ ഗ്രാമത്തിനും സ്വന്തം സമ്പദ്‌വ്യവസ്ഥ ശക്തിപ്പെടുത്താനുള്ള സാധ്യതകളുണ്ട്. ടൂറിസം, പ്രാദേശിക ഭക്ഷ്യോൽപ്പന്നങ്ങളുടെ ബ്രാൻഡിംഗ്, തനത് കലാരൂപങ്ങൾ, ഗ്രാമവ്യവസായങ്ങൾ, സ്ത്രീകൾ നയിക്കുന്ന സംരംഭങ്ങൾ, യുവജന സംരംഭകത്വം, പ്രാദേശിക ഉൽപ്പന്നങ്ങളുടെ മൂല്യവർധന - ഇവയെല്ലാം ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്താൻ സഹായിക്കും. ഗ്രാമങ്ങളിൽത്തന്നെ തൊഴിലും വരുമാനവും സൃഷ്ടിക്കാൻ കഴിയുന്ന വികസന മാതൃകയാണ് നമുക്ക് വേണ്ടത്.

പ്രിയപ്പെട്ട പ്രസിഡന്റുമാരേ,

കേരളത്തിന്റെ വികസനത്തിന്റെ അടുത്ത അധ്യായം എഴുതപ്പെടുന്നത് നമ്മുടെ ഗ്രാമങ്ങളിലാണ്. അത് ചെയ്യുന്നത് മന്ത്രിമാരോ ഉദ്യോഗസ്ഥരോ അല്ല. ജനങ്ങളുടെ ജീവിതത്തോട് ചേർന്നുനിൽക്കുന്ന ജനപ്രതിനിധികളാണ് ആ ചരിത്രം രചിക്കുന്നത്.

ഒരു വയോധികനും ഉപേക്ഷിക്കപ്പെട്ടതായി തോന്നാത്ത, ഒരു ഭിന്നശേഷിക്കാരനും ഒറ്റപ്പെട്ടുപോകാത്ത, ഒരു കുട്ടിക്കും തന്റെ കഴിവുകൾ വികസിപ്പിക്കാനുള്ള അവസരം നിഷേധിക്കപ്പെടാത്ത, കാരുണ്യത്തിന്റെയും കാര്യക്ഷമതയുടെയും നവീകരണത്തിന്റെയും എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനത്തിന്റെയും മാതൃകയായി മാറുന്ന ഗ്രാമപഞ്ചായത്തുകളാണ് നമുക്കു വേണ്ടത്. നമുക്കൊരുമിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഒരു ഭരണസംവിധാനം എന്നതിലുപരി ജനങ്ങളുടെ ശാക്തീകരണത്തിന്റെ ഉപാധികളാക്കി മാറ്റാം. ഓരോ ഗ്രാമത്തിലും, ഓരോ കുടുംബത്തിലും, ഓരോ പൗരനിലുമാണ് കേരളത്തിന്റെ യഥാർഥ ശക്തി നിക്ഷിപ്തമായിരിക്കുന്നത്.

പ്രിയപ്പെട്ടവരെ, നമ്മൾ കൊണ്ടുവരേണ്ട മറ്റൊരു വലിയ മാറ്റം ഗ്രാമപഞ്ചായത്ത് ഓഫീസുകളുടെ പ്രവർത്തന സംസ്കാരത്തിലും സമീപനത്തിലുമാണ്. ഒരു സാധാരണ പൗരൻ പഞ്ചായത്ത് ഓഫീസിലെത്തുന്നത് ആരുടെയെങ്കിലും ഔദാര്യം തേടിയല്ല. ഒരു സർട്ടിഫിക്കറ്റോ സേവനമോ ആനുകൂല്യമോ പരിഹാരമോ ലഭിക്കുന്നത് അദ്ദേഹത്തിന്റെ അവകാശമാണ്; അത് നൽകുക നമ്മുടെ ഉത്തരവാദിത്തവുമാണ്.

ഒരു സർക്കാരിന്റെ യഥാർഥ ശക്തി അളക്കേണ്ടത് നിർമ്മിച്ച കെട്ടിടങ്ങളുടെയോ പൂർത്തിയാക്കിയ പദ്ധതികളുടെയോ എണ്ണം കൊണ്ടു മാത്രമല്ല. നമ്മുടെ ഓഫീസിലേക്ക് പ്രതീക്ഷയോടെ കടന്നുവരുന്ന ഒരാളോട് നാം എങ്ങനെ പെരുമാറുന്നു എന്നതും അതിന്റെ പ്രധാന മാനദണ്ഡമാണ്. ആരുടെയെങ്കിലും ശുപാർശയോ സ്വാധീനമോ ഉണ്ടെങ്കിൽ മാത്രമേ കാര്യങ്ങൾ വേഗത്തിൽ നടക്കൂ എന്ന തോന്നൽ ഒരു പൗരനും ഉണ്ടാകരുത്. ഒരു മനുഷ്യനെ ഓഫീസിൽനിന്ന് ഓഫീസിലേക്ക് നടത്തിക്കുകയോ അനാവശ്യമായി കാത്തിരുത്തുകയോ സ്വാധീനം തേടാൻ നിർബന്ധിതനാക്കുകയോ ചെയ്യുന്നത് ജനകീയ ഭരണത്തിന്റെ ലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ്. ഇത്തരം അനുഭവങ്ങൾ സേവനം വൈകിപ്പിക്കുക മാത്രമല്ല ചെയ്യുന്നത്, മനുഷ്യന്റെ ആത്മാഭിമാനത്തെയും അന്തസ്സിനെയും മുറിവേൽപ്പിക്കുക കൂടിയാണ്. അതിനാൽ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തന സംസ്കാരത്തിൽ ഒരു മാറ്റം അനിവാര്യമാണ്.

**ഒരു സാധാരണ പൗരൻ പഞ്ചായത്ത് ഓഫീസിലെത്തുന്നത് ആരുടെയെങ്കിലും ഔദാര്യം തേടിയല്ല. ഒരു സർട്ടിഫിക്കറ്റോ സേവനമോ ആനുകൂല്യമോ പരിഹാരമോ ലഭിക്കുന്നത് അദ്ദേഹത്തിന്റെ അവകാശമാണ്; അത് നൽകുക നമ്മുടെ ഉത്തരവാദിത്തവുമാണ്.**

ഓരോ ഉദ്യോഗസ്ഥനും ജീവനക്കാരനും ഒരു കാര്യം മനസ്സിലാക്കണം: നമ്മൾ ഇവിടെ ഇരിക്കുന്നത് ആളുകളെ ഭരിക്കാനല്ല, സേവിക്കാനാണ്. ഔദ്യോഗിക സ്ഥാനവും സംവിധാനങ്ങളും അധികാരത്തിന്റെ പ്രതീകങ്ങളല്ല. ജനങ്ങൾ നമ്മെ ഏൽപ്പിച്ച ഉത്തരവാദിത്തങ്ങളാണ്. ക്ഷമയോടെയുള്ള ഒരു വിശദീകരണവും മാന്യമായ പെരുമാറ്റവും കരുതലോടെയുള്ള സമീപനവും പലപ്പോഴും ഏതൊരു പദ്ധതിയേക്കാളും വലിയ ആശ്വാസം ജനങ്ങൾക്ക് നൽകും. വ്യക്തിപരമായ ജീവിതത്തിൽ നിരവധി പ്രശ്നങ്ങൾ നേരിടുന്ന ഒരാൾക്ക് ഗ്രാമപഞ്ചായത്ത് ഓഫീസ് മറ്റൊരു പ്രയാസമുള്ള സ്ഥലമായി മാറരുത്. അവർക്ക് പിന്തുണയും ആത്മവിശ്വാസവും ലഭിക്കുന്ന ഒരു ഇടമായി അത് മാറണം.

1994 മുതൽ കേരളത്തിൽ പഞ്ചായത്തുകളെ ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. 1996-ൽ ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിച്ചതോടെ വികേന്ദ്രീകൃത വികസനത്തിന് പുതിയ ദിശയും വേഗവും കൈവന്നു. തുടർന്ന് വിവിധ സർക്കാരുകൾ അധികാരത്തിൽ വന്നെങ്കിലും വാർഷിക പദ്ധതികളുടെയും പഞ്ചവത്സര പദ്ധതികളുടെയും പേരുകളിൽ മാറ്റങ്ങൾ വന്നതല്ലാതെ അധികാരവികേന്ദ്രീകരണത്തിന്റെ അടിസ്ഥാന നയങ്ങളിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടായിരുന്നില്ല. 1994-ലെ നിയമം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ അധികാരങ്ങൾ ദീർഘകാലം നിലനിന്നു. എന്നാൽ, കഴിഞ്ഞ ഏതാനും വർഷങ്ങളായി ഗ്രാമപഞ്ചായത്തുകൾക്കും ഗ്രാമസഭകൾക്കും ഉണ്ടായിരുന്ന പല അധികാരങ്ങളും ക്രമേണ പരിമിതപ്പെടുത്തപ്പെടുകയും വിവിധ വകുപ്പുകളുടെ പദ്ധതികൾ നടപ്പാക്കുന്ന നിർവഹണ ഏജൻസികളായി മാത്രം പഞ്ചായത്തുകളെ കാണുന്ന പ്രവണത ശക്തിപ്പെടുകയും ചെയ്തു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയ ഭരണസമിതികൾ അധികാരമേറ്റിട്ട് ആറുമാസം തികഞ്ഞിട്ടില്ല. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ പുതിയ ഭാരവാഹികൾ ഇന്ന് ചുമതലയേൽക്കുകയാണ്. പുതിയ സംസ്ഥാന സർക്കാർ അധികാരത്തിൽ വന്നിട്ടും ഒരു മാസം പോലും തികഞ്ഞിട്ടില്ല. പുതിയ ജനപ്രതിനിധികൾക്ക് ഈ മേഖലയിൽ ഒരുപാട് പഠിക്കാനുണ്ട്. നിങ്ങളെപ്പോലെ തന്നെ ഞാനും ഒരു ഗ്രാമപഞ്ചായത്ത് അംഗവും പ്രസിഡന്റുമായിട്ടുണ്ട്. അതുകൊണ്ട് നിങ്ങൾ ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ എനിക്ക് നന്നായി അറിയാം. ഗ്രാമപഞ്ചായത്ത് ഭരണസമിതികളും ജനപ്രതിനിധികളും നേരിടുന്ന പ്രയാസങ്ങളെ ഈ സർക്കാർ അതീവ ഗൗരവത്തോടെയാണ് കാണുന്നത്. എല്ലാ ജനപ്രതിനിധികളും ജനങ്ങൾക്ക് വേണ്ടി ആത്മാർഥമായി പ്രവർത്തിക്കുന്നവരാണ്. പലരും ഊണും ഉറക്കവും പോലും മറന്ന് ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്നവരാണ്. അതിന് ലഭിക്കുന്നത് നാമമാത്രമായ ഹോണറേറിയമാണ് എന്ന കാര്യം എനിക്കറിയാം. പ്രതിഫലം പ്രതീക്ഷിച്ചല്ല ആരും ജനപ്രതിനിധികളാകുന്നത്. എങ്കിലും സമൂഹത്തിന്റെ മറ്റു മേഖലകളിൽ സേവനം ചെയ്യുന്നവർക്ക് മാന്യമായ വേതനം ലഭിക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ലഭിക്കുന്ന ഹോണറേറിയം വളരെ കുറഞ്ഞതാണ്. ഈ വിഷയത്തിൽ ആശ്വാസകരമായ ഒരു തീരുമാനം കൈക്കൊള്ളാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

> **ഒരു മനുഷ്യനെ ഓഫീസിൽനിന്ന് ഓഫീസിലേക്ക് നടത്തിക്കുകയോ അനാവശ്യമായി കാത്തിരുത്തുകയോ സ്വാധീനം തേടാൻ നിർബന്ധിതനാക്കുകയോ ചെയ്യുന്നത് ജനകീയ ഭരണത്തിന്റെ ലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ്. ഇത്തരം അനുഭവങ്ങൾ സേവനം വൈകിപ്പിക്കുക മാത്രമല്ല ചെയ്യുന്നത്, മനുഷ്യന്റെ ആത്മാഭിമാനത്തെയും അന്തസ്സിനെയും മുറിവേൽപ്പിക്കുക കൂടിയാണ്.**



സാമ്പത്തിക മേഖലയിലെ പ്രതിസന്ധികളും അതുപോലെ തന്നെ ഗൗരവമുള്ളതാണ്. കഴിഞ്ഞ അഞ്ചുവർഷത്തിനിടെ ഒരിക്കൽപോലും സർക്കാർ അവസാന ഗഡു പണം സമയത്ത് നൽകിയില്ല.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മൂന്നാം ഗഡു നൽകാൻ പോലും കഴിഞ്ഞില്ല. സർക്കാർ അനുവദിക്കുന്ന ഫണ്ട് കൃത്യമായി വിനിയോഗിക്കുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് ഇനി ഒരു ഗഡുപോലും നഷ്ടപ്പെടാത്ത സാഹചര്യം ഉറപ്പാക്കാൻ നമ്മൾ പ്രതിജ്ഞാബദ്ധരാണ്. അതോടൊപ്പം അനുവദിക്കുന്ന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കാൻ ആവശ്യമായ ആസൂത്രണവും നിർവഹണവും കൃത്യമായി പൂർത്തിയാക്കേണ്ട ഉത്തരവാദിത്തവും നമുക്കുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതി ഈ വർഷത്തോടെ അവസാനിക്കുകയാണ്. അടുത്ത സാമ്പത്തിക വർഷം പതിനഞ്ചാം പഞ്ചവത്സര പദ്ധതി ആരംഭിക്കും. പുതിയ സർക്കാറിനും പുതിയ ഗ്രാമപഞ്ചായത്ത് ഭരണസമിതികൾക്കും സ്വന്തം



വികസന കാഴ്ചപ്പാടനുസരിച്ച് പദ്ധതികൾ രൂപപ്പെടുത്താൻ ഇത് ഒരു മികച്ച അവസരമാണ്. പതിനഞ്ചാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണത്തിലും ആസൂത്രണത്തിലും നിർവഹണത്തിലും ഏറ്റവും മികച്ച സംഭാവന നൽകാൻ കഴിയുന്നത് നമുക്കാണ്. ഇന്ന് രൂപീകരിക്കപ്പെടുന്ന കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ഈ പദ്ധതിക്കായി മികച്ച നിർദേശങ്ങളും അനുഭവങ്ങളും സർക്കാരിന് നൽകണം. പദ്ധതിനിർവഹണത്തിൽ ഇതുവരെ ഉണ്ടായിട്ടുള്ള പോരായ്മകൾ പരിഹരിച്ച് കൂടുതൽ കാര്യക്ഷമമായ രീതിയിൽ മുന്നോട്ടുപോകാൻ നമുക്ക് കഴിയണം.

അസോസിയേഷന്റെ പ്രവർത്തനങ്ങളിൽ ഒരു കാരണവശാലും കക്ഷിരാഷ്ട്രീയ താൽപര്യങ്ങൾ കടന്നുവരരുത്. അതോടൊപ്പം സർക്കാരിന്റെ നയപരിപാടികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് കൃത്യമായ പിന്തുണ നൽകാനും അസോസിയേഷൻ ശ്രദ്ധിക്കണം. നിങ്ങൾ ഇന്ന് നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിലുണ്ട്. സമയത്ത് ഫണ്ട് ലഭിക്കാത്തതും, ബജറ്റിൽ അനുവദിച്ച തുകയുടെ അടിസ്ഥാനത്തിൽ പദ്ധതികൾ തയ്യാറാക്കിയശേഷം വെട്ടിക്കുറവുകൾ വരുന്നതും, തനത് വരുമാനം വർധിപ്പിക്കുന്നതിന് ആവശ്യമായ പിന്തുണ ലഭിക്കാത്തതും എല്ലാം ഗൗരവത്തോടെ സർക്കാർ പരിശോധിച്ചുവരികയാണ്. ശമ്പളം പോലും കൃത്യസമയത്ത് നൽകാൻ ബുദ്ധിമുട്ടുന്ന 200ഓളം ഗ്രാമപഞ്ചായത്തുകളുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്രത്യേക പദ്ധതികൾ നമുക്ക് ആവിഷ്ക്കരിക്കേണ്ടി വരും.

ഇനിയങ്ങോട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ടും ജനറൽ പർപ്പസ് ഗ്രാന്റും ധനകാര്യ കമ്മീഷൻ ഗ്രാന്റും യഥാസമയം ലഭിക്കുന്നുവെന്ന് ഉറപ്പാക്കും. ഓരോ വർഷവും തനത് വരുമാനത്തിൽ കുറഞ്ഞത് പത്ത് ശതമാനമെങ്കിലും വർധന കൈവരിക്കുന്ന തദ്ദേശസ്ഥാപനങ്ങൾക്ക് പ്രത്യേക പ്രോത്സാഹനം നൽകും. പ്രാദേശിക വിഭവങ്ങളും മനുഷ്യവിഭവശേഷിയും ഫലപ്രദമായി പ്രയോജനപ്പെടുത്തി മാതൃകാപരമായ പ്രവർത്തനം നടത്തുന്ന ഗ്രാമപഞ്ചായത്തുകൾക്ക് പ്രത്യേക അംഗീകാരം നൽകും. തനത് വരുമാനം വർധിപ്പിക്കുന്നതിനുള്ള നൂതന പദ്ധതികൾ നടപ്പാക്കുന്ന തദ്ദേശസ്ഥാപനങ്ങളെ സർക്കാർ പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ പിന്തുണ നൽകുകയും ചെയ്യും. തദ്ദേശസ്ഥാപനങ്ങളുടെ ഫണ്ടുകൾ വിനിയോഗിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ പരമാവധി നീക്കും. എന്നാൽ ശമ്പളത്തിനും മറ്റ് നിർബന്ധിത ചെലവുകൾക്കും ആവശ്യമായ തുക മാറ്റിവച്ച ശേഷമായിരിക്കും മറ്റ് ചെലവുകൾക്ക് അനുമതി നൽകുക.

സാമ്പത്തിക പ്രശ്നങ്ങൾ പോലെതന്നെ പ്രധാനമാണ് ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും വിഷയങ്ങൾ. ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം മാനദണ്ഡങ്ങൾ പാലിച്ചായിരിക്കും. നിരന്തരമായ സ്ഥലംമാറ്റങ്ങൾ സർക്കാർ പ്രോത്സാഹിപ്പിക്കില്ല. ശിക്ഷാനടപടികളുടെ ഭാഗമായും ഭരണസൗകര്യത്തിന്റെ ഭാഗമായും അനിവാര്യമായ സ്ഥലംമാറ്റങ്ങൾ മാത്രമാണ് നടപ്പാക്കുക. എഞ്ചിനീയറിങ് വിഭാഗത്തിൽ നിലവിലുള്ള ജീവനക്കാരുടെ കുറവ് എത്രയും വേഗം പരിഹരിക്കും.

അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾ നേടിയെടുത്ത അധികാരങ്ങളിൽ പലതിന്റെയും പ്രായോഗിക നിയന്ത്രണം ഇന്ന് ഉദ്യോഗസ്ഥരുടെ കൈകളിലാണ്. ഈ സ്ഥിതി മാറ്റി ഭരണസമിതികൾക്കുള്ള അധികാരങ്ങൾ പൂർണമായി തിരിച്ചുനൽകും. ജില്ലാ ആസൂത്രണ സമിതികളുടെ (DPC) അധികാരം പൂർണമായി പുനഃസ്ഥാപിക്കും.



കഴിഞ്ഞ സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുനഃപരിശോധിച്ച്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന സാഹചര്യങ്ങളിൽ പദ്ധതികളിൽ അനിവാര്യമായ ഭേദഗതികൾ വരുത്താൻ DPCകൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകും. പുതിയ ഭരണ സമിതികൾക്കും ജനപ്രതിനിധികൾക്കും ഉദ്യോഗ സ്ഥർക്കും ആവശ്യമായ പരിശീലനം കില മുഖേന (KILA) നൽകും. കുടുംബശ്രീ, ഹരിതകർമ സേന, ശുചിത്വ മിഷൻ, തെരുവുനായ നിയന്ത്രണം, വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനം എന്നി വയിലും ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രത്യേക ശ്രദ്ധ പുലർത്തണമെന്ന് ഞാൻ അഭ്യർഥിക്കുന്നു.

നമ്മുടെ ലക്ഷ്യം വ്യക്തമാണ്. ഒരു പാവപ്പെട്ടവനും അവഗണിക്കപ്പെടാത്ത ഗ്രാമപഞ്ചായത്ത്. ഒരു വയോധികനും ഒറ്റപ്പെട്ടതായി തോന്നാത്ത ഗ്രാമ പഞ്ചായത്ത്. ഒരു ഭിന്നശേഷിക്കാരനും അദൃശ്യനായി മാറാത്ത ഗ്രാമപഞ്ചായത്ത്.

ഒരു പൗരനും തന്റെ അവകാശങ്ങൾ നേടിയെടു ക്കാൻ ആരുടെയും സ്വാധീനം തേടേണ്ടിവരാത്ത പഞ്ചായത്ത്. കാര്യക്ഷമമായ ഭരണസംവിധാനവും കരുതലുള്ള സേവനസംസ്കാരവും സുതാര്യമായ പ്രവർത്തനരീതിയും ജനങ്ങളുടെ പ്രതീക്ഷകൾ നിറവേറ്റുന്ന വികസന സമീപനവുമുള്ള ഗ്രാമപഞ്ചായ ത്തുകളാണ് നമുക്ക് സൃഷ്ടിക്കേണ്ടത്. കാരണം, ഓരോ ഗ്രാമത്തിലും, ഓരോ കുടുംബത്തിലും, ഓരോ മനുഷ്യനിലുമാണ് കേരളത്തിന്റെ യഥാർഥ ശക്തി.

ഏറ്റവും താഴെത്തട്ടിലുള്ള മനുഷ്യന് രാഷ്ട്രീയം എങ്ങനെ ഉപകാരപ്പെടണം എന്നതിനെക്കുറിച്ച് മഹാത്മാ ഗാന്ധി പറഞ്ഞ 'താലിസ്മാൻ' ഇന്നും നമുക്ക് വഴികാട്ടുന്നതാണ്. 'നിങ്ങൾ എടുക്കുന്ന ഒരു തീരുമാനമോ ചെയ്യുന്ന ഒരു പ്രവർത്തനമോ ശരിയാണോ എന്ന് സംശയം തോന്നുന്നുവെങ്കിൽ, നിങ്ങൾ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും പാവപ്പെട്ടവനും നിരാലംബനുമായ ഒരു മനുഷ്യന്റെ മുഖം ഓർക്കുക. എന്നിട്ട് സ്വയം ചോദിക്കുക: നിങ്ങൾ ചെയ്യാൻ പോകുന്ന കാര്യം ആ മനുഷ്യന് ഏതെങ്കിലും തരത്തിൽ ഉപകാരപ്പെടുമോ? അതിലൂടെ അയാളുടെ ജീവിതത്തിൽ എന്തെങ്കിലും മാറ്റമുണ്ടാകുമോ?'

ഈ ചിന്തയാണ് നമ്മുടെ ഓരോ തീരുമാന ത്തെയും ഓരോ പ്രവർത്തനത്തെയും നയിക്കേണ്ടത്. എല്ലാവർക്കും എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ.

# മുന്നോട്ട്

ഒരു നാടിന്റെ മാറ്റങ്ങൾ ഏറ്റവും വ്യക്തമായി കാണാനാകുന്നത് ജനങ്ങളുടെ ദൈനംദിന ജീവിതത്തിലാണ്. ഒരു കുടുംബത്തിന് സ്വന്തമായി ഒരു വീട് ലഭിക്കുമ്പോഴും ഒരു ഗ്രാമത്തിന് ശുദ്ധജല ലഭ്യത ഉറപ്പാകുമ്പോഴും ഒരു വാർഡിൽ മാലിന്യ സംസ്കരണം കാര്യക്ഷമമാകുമ്പോഴും സ്ത്രീകൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കാനുള്ള അവസരങ്ങൾ വർധിക്കുമ്പോഴും തൊഴിലിലൂടെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയ്ക്ക് പുതുജീവൻ ലഭിക്കുമ്പോഴും ആ മാറ്റം അനുഭവവേദ്യമാകുന്നു. ഇത്തരത്തിലുള്ള അനേകം ഇടപെടലുകളുടെ ആകെത്തുകയാണ് കേരളത്തിന്റെ തദ്ദേശഭരണ സംവിധാനം. ആ മാറ്റങ്ങളുടെ വിവിധ മുഖങ്ങളിലേക്ക് വെളിച്ചം വീശുന്ന ഹ്രസ്വലേഖനങ്ങളാണ് തുടർന്നുള്ള പേജുകളിൽ. സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പ്രധാന ജനക്ഷേമ ഇടപെടലുകളുടെ പശ്ചാത്തലവും അവയുടെ പ്രവർത്തനാനുഭവങ്ങളും ഭാവി സാധ്യതകളുമാണ് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി വിളിച്ചു ചേർത്ത വകുപ്പുതല റിവ്യൂ അടിസ്ഥാനമാക്കി തയ്യാറാക്കിയ ഈ ലേഖനങ്ങളിൽ പരിശോധിക്കുന്നത്. ഇതുവരെയുള്ള യാത്രയെ മനസ്സിലാക്കാനും ഇനി മുന്നോട്ട് പോകേണ്ട ദിശയെക്കുറിച്ച് ചിന്തിക്കാനും പുതിയ ആശയങ്ങൾക്ക് ഇടം സൃഷ്ടിക്കാനും മികച്ച മാതൃകകളെ കൂടുതൽ വ്യാപിപ്പിക്കാനും ഇത് സഹായിക്കും.


ളത്തിന് തണലാകട്ടെ
KSWMP



# വികേന്ദ്രീകൃത ആസൂത്രണം



വികേന്ദ്രീകൃത ആസൂത്രണം ശക്തിപ്പെടുത്തും. ഗ്രാമസഭകളുടെയും വാർഡ് സഭകളുടെയും അധികാരങ്ങൾ സംരക്ഷിക്കും.

ഭരണഘടനയുടെ 73-ഉം 74-ഉം ഭേദഗതികളും 1994-ൽ പാസാക്കിയ കേരള പഞ്ചായത്ത് രാജ് നിയമവും കേരള മുനിസിപ്പാലിറ്റി നിയമവുമാണ് കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണത്തിന് അടിസ്ഥാനമായത്. 1996-ൽ ആരംഭിച്ച ജനകീയാസൂത്രണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ വികസന പദ്ധതികൾ രൂപീകരിക്കുന്നതിനും നടപ്പാക്കുന്നതിനും കൂടുതൽ അധികാരം നൽകി. തദ്ദേശ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങളും വിഭവങ്ങളും കൈമാറുന്നതിനുള്ള നിയമപരമായ ചട്ടക്കൂട് ഇതിലൂടെ ഒരുക്കി. സംസ്ഥാന ആസൂത്രണ ബോർഡിന്റെ മാർഗനിർദ്ദേശപ്രകാരം, വികസന ഫണ്ടിന്റെ ഗണ്യമായ ഭാഗം തദ്ദേശ സ്ഥാപനങ്ങൾക്ക് വികേന്ദ്രീകരിക്കാനുള്ള തീരുമാനമാണ് ഈ പരിഷ്കാരത്തിന്റെ ഏറ്റവും പ്രധാന വശം. തദ്ദേശ സ്ഥാപനങ്ങൾക്ക് അവരുടെ പ്രാദേശിക മുൻഗണന

കൾ അടിസ്ഥാനമാക്കി പദ്ധതികൾ ആവിഷ്‌ക രിക്കുന്നതിനുള്ള സ്വാതന്ത്ര്യം ലഭിച്ചു. ഗ്രാമസഭകൾ, വാർഡ് സഭകൾ, വികസന സെമിനാറുകൾ, ടാസ്ക് ഫോഴ്സുകൾ എന്നിവയിലൂടെ ജനങ്ങളുടെ നേ രിട്ടുള്ള പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് ആസൂത്രണ പ്രക്രിയ രൂപകൽപ്പന ചെയ്തു. ഇത് പ്രാദേശിക തലത്തിൽ താഴെത്തട്ടിൽ നിന്നുള്ള ആസൂത്രണത്തിന് വഴിയൊരുക്കി.



**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കൂടുതൽ വിശ്വാസത്തിൽ എടുക്കുകയും അവയ്ക്ക് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യം നൽകുകയും ചെയ്യും.**

തദ്ദേശ സ്ഥാപനങ്ങളുടെ ആസൂത്രണത്തിൽ ഏറ്റവും പ്രധാന പങ്ക് വഹിക്കുന്നത് വികസന ഫണ്ടാണ് (Development Fund). ഇതിനു പുറമേ, കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ നടത്തിപ്പിനുള്ള ഫണ്ടുകളും ലഭിക്കുന്നു. അടിസ്ഥാന സൗകര്യ വികസനം, ആരോഗ്യം, വിദ്യാഭ്യാസം, ദാരിദ്ര്യ നിർമ്മാർജനം, സാമൂഹിക നീതി, കാലാവസ്ഥാ പ്ര തിരോധം എന്നീ മേഖലകളിലെ പദ്ധതികൾക്ക് പ്രാധാന്യം നൽകിക്കൊണ്ട്, ഓരോ തദ്ദേശ സ്ഥാപന വും അവരുടെ വാർഷിക വികസന പദ്ധതികൾ തയ്യാറാക്കുന്നു. ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിങ്ങനെ എല്ലാ തലങ്ങളിലുമുള്ള തദ്ദേശ സ്ഥാപനങ്ങളും അവരുടെ തലത്തിനനുസരിച്ചുള്ള പദ്ധതികൾ രൂപ പ്പെടുത്തുന്നു. ജില്ലാ ആസൂത്രണ സമിതികൾ (DPC) ഈ പദ്ധതികൾക്ക് അംഗീകാരം നൽകുന്നു.

വികേന്ദ്രീകൃത ആസൂത്രണത്തിന് വെല്ലു വിളികളും നിലവിലുണ്ട്. വികേന്ദ്രീകൃത പദ്ധതികൾക്ക് മതിയായ ധനസഹായം ലഭ്യമാക്കുക, പദ്ധതി ന ടപ്പാക്കുന്നതിലെ കാലതാമസം പരിഹരിക്കുക, സാങ്കേതിക വിദഗ്ധരുടെ ലഭ്യത ഉറപ്പാക്കുക, ഫണ്ട് വിനിയോഗത്തിൽ കൃത്യത പാലിക്കുക എന്നിവ പ്ര ധാന വെല്ലുവിളികളാണ്. അടിസ്ഥാന സൗകര്യ വികസനം, പാരിസ്ഥിതിക സുസ്ഥിരത, സമൂഹത്തിന്റെ ശാക്തീകരണം എന്നിവയിൽ വികേന്ദ്രീകൃത ആസൂത്രണം കൈവരിച്ച പുരോഗതി ശ്രദ്ധേയമാണ്. രാജ്യത്തെ ഏറ്റവും ഫലപ്രദമായ ഭരണ മാതൃകകളിലൊന്നായി ഇത് തുടരുന്നു.






# കുടുംബശ്രീ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന ദൗത്യം

1998 മെയ് 17-ന് രൂപീകരിക്കപ്പെട്ട കുടുംബശ്രീ, കേരളത്തിന്റെ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷനായി പ്രവർത്തിക്കുന്നു. സ്ത്രീ ശാക്തീകരണം, സാമൂഹിക ശാക്തീകരണം, സാമ്പത്തിക ശാക്തീകരണം എന്നീ മൂന്ന് മേഖലകളിലാണ് പ്രധാനമായും പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നത്. 3,17,724 അയൽക്കൂട്ടങ്ങളിലായി 48,08,837 അംഗങ്ങൾ പ്രവർത്തിക്കുന്നു. കൂടാതെ, 25,992 വയോജന അയൽക്കൂട്ടങ്ങൾ, 50 ട്രാൻസ്ജെൻഡർ അയൽക്കൂട്ടങ്ങൾ, 3,352 ഭിന്നശേഷി അയൽക്കൂട്ടങ്ങൾ എന്നിങ്ങനെ പ്രത്യേക വിഭാഗങ്ങൾക്കായുള്ള കൂട്ടായ്മകളും പ്രവർത്തിക്കുന്നു. 19,472 ഓക്സിലറി ഗ്രൂപ്പുകളിലായി 3,00,532 അംഗങ്ങളുണ്ട്. ഒരു ഗ്രൂപ്പിൽ പത്തു മുതൽ ഇരുപതു വരെ അംഗങ്ങളും പതിനൊന്ന് എക്സിക്യൂട്ടീവ് അംഗങ്ങളും ഉണ്ടായിരിക്കും. 1071 സിഡിഎസുകളും (Community Development Society) 21,045 എഡിഎസുകളുമാണ് (Area Development Society) നിലവിലുള്ളത്.

സാമ്പത്തിക ഉൾച്ചേർക്കലാണ് കുടുംബശ്രീയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. ലഘു സമ്പാദ്യം, ആന്തരിക വായ്പ, ബാങ്കുകളുമായുള്ള ലിങ്കേജ് വായ്പ, ബൾക്ക് വായ്പകൾ, സംരംഭ വായ്പ എന്നിവ ഇതിനായി ഉപയോഗിക്കുന്നു. കമ്മ്യൂണിറ്റി ഫണ്ടുകളായ റിവോൾവിംഗ് ഫണ്ട് (30,000 രൂപ), വൾനറബിലിറ്റി ഫണ്ട് (1,50,000 രൂപ), കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് (1,50,000 രൂപ) എന്നിവയും നിലവിലുണ്ട്. സാമ്പത്തിക സാക്ഷരത, ജീവൻ ദീപം ഒരുമ ഇൻഷുറൻസ്, ത്രിതല സംഘടനാ സംവിധാനത്തിലെ ഓഡിറ്റ്, ജിഎസ്ടിയും ഐടി റിട്ടേണും ഉൾപ്പെടെയുള്ള നിയമപരമായ കാര്യങ്ങൾ, ഡിജിറ്റൽ ഫിനാൻസ് (വാതിൽപടി ബാങ്കിംഗ്) എന്നിവയും ശ്രദ്ധേയമാണ്. പിഎംജെജെബിവൈ (Pradhan Mantri Jeevan Jyoti Bima Yojana), പിഎംഎസ്ബിവൈ (Pradhan Mantri Suraksha Bima Yojana), എപിവൈ (Atal Pension Yojana) തുടങ്ങിയ സാമൂഹിക സുരക്ഷാ പദ്ധതികളുടെ ഫെസിലിറ്റേറ്റർ ആയും കുടുംബശ്രീ പ്രവർത്തിക്കുന്നു.

കാർഷികേതര സംരംഭങ്ങളിലൂടെ വനിതാ സംരംഭകരുടെ വളർച്ചയും ശാക്തീകരണവും കുടുംബശ്രീ ലക്ഷ്യമിടുന്നു. രണ്ട് ലക്ഷത്തിലധികം സംരംഭങ്ങളിലായി നാല് ലക്ഷത്തിലധികം സംരംഭകർ പ്രവർത്തിക്കുന്നു. പതിനഞ്ചിലധികം പ്രീമിയം കഫേകളും 400-ലധികം മാ കെയർ സംരംഭങ്ങളും ഇതിൽ ഉൾപ്പെടും. നേട്ടങ്ങളുടെ കണക്ക് നോക്കിയാൽ, 2,805 പ്രത്യാശ സംരംഭങ്ങളും 1,306 ഷീ സ്റ്റാർട്ടപ്പുകളും 657 ജനകീയ ഹോട്ടലുകളും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. നിലവിൽ 37,450 ഹരിതകർമസേന അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 26 അപ്പാരൽ പാർക്കുകൾ (304 അംഗങ്ങൾ), 217 ന്യൂട്രിമിക്സ് യൂണിറ്റുകൾ (1,357 അംഗങ്ങൾ) എന്നിവയുമുണ്ട്. കൂടാതെ, 1,266 കെ4കെയർ എക്സിക്യൂട്ടീവുകൾ, 341 സാന്ത്വനം പദ്ധതി അംഗങ്ങൾ എന്നിവരുമുണ്ട്.

2026-27 വർഷത്തേക്കുള്ള സംരംഭ വികസന പ്രവർത്തനങ്ങൾക്കായി 78.87 കോടി രൂപ (27 കോടി പ്ലാൻ ഫണ്ടും 51.87 കോടി എൻആർഎൽഎം ഫണ്ടും) വകയിരുത്തിയിട്ടുണ്ട്. വളർച്ചാ സാധ്യതയുള്ള സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക, ജില്ല/ബ്ലോക്ക് തല എന്റർപ്രൈസ് ക്ലസ്റ്ററുകൾ വികസിപ്പിക്കുക, ബ്രാൻഡിംഗും ഇ-കൊമേഴ്സും വഴിയുള്ള വിപണി അധിഷ്ഠിത വികസനം ശക്തിപ്പെടുത്തുക, 'ഷീ സ്റ്റാർട്ട്സ്' പോലുള്ള യുവ സംരംഭകത്വ പദ്ധതികൾ, കെയർ ഇക്കോണമി, ഗ്രീൻ ഇക്കോണമി, ടൂറിസം എന്നീ മേഖലകൾ വിപുലീകരിക്കുക, ഇൻകുബേഷനും ബിസിനസ് കൗൺസിലിംഗും ഉൾപ്പെടുന്ന ഡിജിറ്റൽ പരിവർത്തനം എന്നിവയാണ് പ്രധാന മുൻഗണനകൾ.



കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി പ്രാദേശിക-ദേശീയ വിപണന മേളകൾ, സ്ഥിര വിപണന കേന്ദ്രങ്ങൾ, ഓൺലൈൻ മാർക്കറ്റിംഗ് (പോക്കറ്റ്മാർട്ട് ആപ്പ് ഉൾപ്പെടെ), ഹോം ഷോപ്പ്, ബ്രാൻഡിംഗ്, ഡിസ്ട്രിബ്യൂഷൻ നെറ്റ്‌വർക്ക് (എകെഡിഎ) എന്നീ രീതികൾ അവലംബിക്കുന്നു. ഷീമാർട്ട് ഔട്ട്‌ലെറ്റുകൾ, കിയോസ്കുകൾ, നാനോ മാർക്കറ്റ്, മാസചന്തകൾ, ട്രേഡ് ഫെയറുകൾ, ഭക്ഷ്യമേളകൾ, സരസ് മേളകൾ, ഓണം മേളകൾ, ക്രിസ്മസ്-ന്യൂ ഇയർ മേളകൾ എന്നിവയും നടത്തപ്പെടുന്നു. ഇതിലൂടെ 200 കോടി രൂപയുടെ വിറ്റുവരവ് കൈവരിച്ചിട്ടുണ്ട്. ഡിസ്ട്രിബ്യൂഷൻ നെറ്റ്‌വർക്ക് വഴി എല്ലാ റീട്ടെയിൽ ഷോപ്പുകളിലും ഉൽപ്പന്നങ്ങൾ എത്തിക്കുന്നു.

DAY-NRLM-ന്റെ ഭാഗമായി 2017 മുതൽ ബ്ലോക്ക് തല ഉപജീവന പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2023 മുതൽ അംബ്രല്ല പദ്ധതികൾ പ്രകാരം നാലു വർഷത്തേക്ക് ഒരു ബ്ലോക്കിൽ ആറു കോടി രൂപ ചെലവിൽ കുറഞ്ഞത് 2400 സംരംഭങ്ങൾ എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നു. സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം (എസ്‌വിഇപി), മൈക്രോ എന്റർപ്രൈസ് ഡെവലപ്മെന്റ് പ്രോഗ്രാം (എംഇഡി), വൺ സ്റ്റോപ്പ് ഫെസിലിറ്റി സെന്റർ (ഒഎസ്എഫ്),

കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി പ്രാദേശിക-ദേശീയ വിപണന മേളകൾ, സ്ഥിര വിപണന കേന്ദ്രങ്ങൾ, ഓൺലൈൻ മാർക്കറ്റിംഗ് (പോക്കറ്റ്മാർട്ട് ആപ്പ് ഉൾപ്പെടെ), ഹോം ഷോപ്പ്, ബ്രാൻഡിംഗ്, ഡിസ്ട്രിബ്യൂഷൻ നെറ്റ്‌വർക്ക് (എകെഡിഎ) എന്നീ രീതികൾ അവലംബിക്കുന്നു.

> **ഡിഡിയു ജികെവൈ പദ്ധതിയിൽ ഗ്രാമീണ യുവതീയുവാക്കൾക്ക് 30 വ്യത്യസ്ത മേഖലകളിലായി നൂറിലധികം കോഴ്സുകളിൽ സൗജന്യ റെസിഡൻഷ്യൽ പരിശീലനവും 70% പ്ലേസ്മെന്റ് ഗ്യാരണ്ടിയും നൽകുന്നു.**

ഇൻകുബേറ്റർ പ്രോഗ്രാം, ആജീവിക ഗ്രാമീൺ എക്സ്പ്രസ് യോജന (എജിഇവൈ), ക്ലസ്റ്റർ പ്രോഗ്രാം എന്നിവ ഇതിൽ ഉൾപ്പെടും. നിലവിൽ 43 എസ്‌വിഇപി ബ്ലോക്കുകളും 18 ഒഎസ്എഫ് ബ്ലോക്കുകളും 25 എജിഇവൈ ബ്ലോക്കുകളുമുണ്ട്. കൂടാതെ, 60,102 സംരംഭങ്ങളിലായി 156.34 കോടി രൂപയുടെ (Community Enterprise Fund) സിഇഎഫ് നിലവിലുണ്ട്.

കാർഷിക മേഖലയിൽ 'തരിശുരഹിത കേരളം'എന്ന ലക്ഷ്യത്തോടെ തരിശുഭൂമികൾ കണ്ടെത്തി കൃഷിയോഗ്യമാക്കുന്നു. വനിതകളെ കാർഷിക കൂട്ടായ്മകളാക്കി മാറ്റുന്നതിലൂടെ സ്വാശ്രയത്വം ഒരുക്കുന്നു. 4 മുതൽ 10 വരെ അംഗങ്ങളുള്ള ജെഎൽജി (സംഘ കൃഷി ഗ്രൂപ്പുകൾ) രൂപീകരിക്കുന്നു. 175 ഇന്റഗ്രേറ്റഡ് ഫാമിംഗ് ക്ലസ്റ്ററുകൾ (ഐഎഫ്സി) രൂപീകരിച്ച് മൂന്നു വർഷത്തേക്ക് ഓരോ ക്ലസ്റ്ററിനും 40 ലക്ഷം രൂപയുടെ സഹായം നൽകുന്നു. പുതിയ കാർഷിക സംരംഭങ്ങൾക്ക് 50,000 മുതൽ 2 ലക്ഷം വരെ രൂപ സബ്സിഡിയുണ്ട്. കെ-ടാപ്പ് പദ്ധതിയിലൂടെ 184 പുതിയ കാർഷിക സാങ്കേതികവിദ്യകൾ കർഷകർക്ക് ലഭ്യമാക്കുന്നു. ഭൂസമൃദ്ധി പദ്ധതിയും സി.ടി.സി.ആർ.ഐയുമായി സഹകരിച്ചുള്ള മധുരക്കിഴങ്ങ് കൃഷി പുനർജീവന പദ്ധതിയും നടപ്പിലാക്കുന്നു.

മൃഗസംരക്ഷണ മേഖലയിൽ 2026-27 ൽ 'കുടുംബശ്രീ കേരള ചിക്കൻ' എന്ന ബ്രാൻഡിൽ സംശുദ്ധ കോഴിയിറച്ചി ലഭ്യമാക്കുക, സംസ്ഥാനത്തെ ആഭ്യന്തര വിപണിയിലെ 50 ശതമാനം ഇറച്ചിക്കോഴി സ്വന്തമായി ഉത്പാദിപ്പിക്കുക, 200 കോടി രൂപയുടെ വിറ്റുവരവ് കൈവരിക്കുക, എല്ലാ ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിക്കുക, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ പുറത്തിറക്കുക, പരിസ്ഥിതി നിയന്ത്രിത കോഴി ഫാമുകൾ സ്ഥാപിക്കുക എന്നിവ ലക്ഷ്യമിടുന്നു.

സാമൂഹിക വികസനത്തിന്റെ ഭാഗമായി ബഡ്സ് ഉപജീവനം, മത്സ്യത്തൊഴിലാളി മേഖലയിലെ യുവാക്കൾക്കുള്ള ഉപജീവനം, അതിദാരിദ്ര്യം, വയോജനങ്ങൾ, ഭിന്നശേഷി, പാരാപ്ലീജിയ വിഭാഗങ്ങൾക്കുള്ള ഉപജീവന പദ്ധതികൾ ഉൾപ്പെടുന്നു. ബഡ്സ് കൗമാരക്കാർക്ക് 'ചിറകുകൾ' പരിശീലനവും രക്ഷിതാക്കൾക്കും അധ്യാപകർക്കും പരിശീലനവും നൽകുന്നു. ബാലസഭ തെരഞ്ഞെടുപ്പ്, ബാലസദസ്, ബാലപാർലമെന്റ് തുടങ്ങിയ ബാലസഭാ പ്രവർത്തനങ്ങളും നടത്തിവരുന്നു.

ഗോത്രവർഗ മേഖലയിൽ അട്ടപ്പാടി (പാലക്കാട് ജില്ല), തിരുനെല്ലി, നൂൽപ്പുഴ പണിയ വിഭാഗം (വയനാട്) നിലമ്പൂർ (വയനാട്), ആറളം ഫാം, കൊട്ടിയൂർ, കേളകം (കണ്ണൂർ), കൊറഗ, വയക്കാനം, വാഴത്തട്ട് (കാസർകോട്), കാടർ (തൃശൂർ), വണ്ടാഴി & പറമ്പിക്കുളം (പാലക്കാട്), കോടഞ്ചേരി പണിയ വിഭാഗം (കോഴിക്കോട്), കുട്ടമ്പുഴ (എറണാകുളം), മലയപണ്ടാരം (പത്തനംതിട്ട), മറയൂർ – കാന്തല്ലൂർ, ഇടമലക്കുടി – കുറത്തിക്കുടി (ഇടുക്കി) തുടങ്ങിയ ട്രൈബൽ സ്പെഷ്യൽ പ്രോജക്ടുകളും നടപ്പിലാക്കുന്നുണ്ട്. പട്ടികജാതി മേഖലയിൽ കുഴൽമന്ദം ബ്ലോക്ക്, തൃത്താല നിയോജകമണ്ഡലം (പാലക്കാട്), മെഴുവേലി ഗ്രാമ പഞ്ചായത്ത്, ഇലന്തൂർ, ആറന്മുള ഉന്നതികൾ (പത്തനംതിട്ട) തുടങ്ങിയ 'സമുന്നതി' ഇടപെടലുകൾ നടക്കുന്നു. പ്രത്യേക ആദിവാസി അയൽക്കൂട്ടങ്ങൾ, ഊരു സമിതികൾ, യൂത്ത് ക്ലബ്ബുകൾ, പുരുഷ സംഘങ്ങൾ, ബ്രിഡ്ജ് കോഴ്സുകൾ, കലാ-കായിക ഇടപെടലുകൾ എന്നിവയും സംഘടിപ്പിക്കുന്നു.

ഡ്രോൺ പൈലറ്റിംഗ്, ഡ്രൈവിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ്, ഫോട്ടോഗ്രാഫി, ബ്രൈഡൽ മേക്കപ്പ്, ഹോംസ്റ്റേ മാനേജ്മെന്റ് തുടങ്ങിയ നൂതന തൊഴിൽ പരിശീലനങ്ങളും കുടുംബശ്രീ നൽകുന്നുണ്ട്. ഡിഡിയു ജികെവൈ പദ്ധതിയിൽ ഗ്രാമീണ യുവതീയുവാക്കൾക്ക് 30 വ്യത്യസ്ത മേഖലകളിലായി നൂറിലധികം കോഴ്സുകളിൽ സൗജന്യ റെസിഡൻഷ്യൽ പരിശീലനവും 70% പ്ലേസ്മെന്റ് ഗ്യാരണ്ടിയും നൽകുന്നു. കേരളത്തിൽ 14 ആർഎസ്ഇടിഐ (ഗ്രാമീണ സ്വയംതൊഴിൽ പരിശീലന സ്ഥാപനങ്ങൾ) പ്രവർത്തിക്കുന്നുണ്ട്.

ആരോഗ്യ, പോഷകാഹാര മേഖലയിൽ 'ഹാപ്പി കേരളം' ലക്ഷ്യത്തോടെ അയൽക്കൂട്ട കുടുംബങ്ങളിൽ ഗുണമേന്മയുള്ള ഗൃഹസന്ദർശനവും പിയർ ഗ്രൂപ്പ് കൗൺസിലിംഗും സംഘടിപ്പിക്കുന്നു. അനീമിയ നിർണ്ണയത്തിനും മറ്റ് ആരോഗ്യ പരിശോധനകൾക്കുമായി ക്യാമ്പുകൾ നടത്താനും പോഷക തോട്ടങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കാനും പദ്ധതിയുണ്ട്. പ്രത്യേക ജെൻഡർ ഇടപെടലുകളിലൂടെ എല്ലാ ജെൻഡർ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന സാമൂഹിക ഇടം സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നു.

പബ്ലിക് റിലേഷൻസ് പ്രവർത്തനങ്ങളിൽ മീഡിയ കവറേജ്, സോഷ്യൽ മീഡിയ മാനേജ്മെന്റ്, ഡോക്യുമെന്റേഷൻ, റേഡിയോശ്രീ ഏകോപനം, ഡിസൈനിംഗ്, പബ്ലിക്കേഷൻ, ഇവന്റുകൾ എന്നിവ




> **കുടുംബശ്രീ 2012 മുതൽ കേന്ദ്ര ഗ്രാമീണ വികസന മന്ത്രാലയത്തിന്റെ അംഗീകാരത്തോടെ ദേശീയ ഗ്രാമീണ ഉപജീവന മിഷനു കീഴിൽ നാഷണൽ റിസോഴ്സ് ഓർഗനൈസേഷനായി (എൻആർഒ) പ്രവർത്തിക്കുന്നു. 26 സംസ്ഥാനങ്ങളിലും 3 കേന്ദ്രഭരണ പ്രദേശങ്ങളിലും അസർബൈജാൻ, എത്യോപ്യ തുടങ്ങിയ രാജ്യങ്ങളിലും പദ്ധതികൾ നടപ്പിലാക്കി.**

ഉൾപ്പെടുന്നു. ഒരു പുതിയ നീക്കമായി, സോഷ്യൽ മീഡിയയിൽ താത്പര്യമുള്ള അയൽക്കൂട്ട അംഗങ്ങളെ ഉൾപ്പെടുത്തി 70 അംഗങ്ങളുള്ള 'ന്യൂ മീഡിയ ടീം' രൂപീകരിക്കാനും അവർക്ക് പ്രത്യേക പരിശീലനം നൽകാനും തീരുമാനിച്ചിട്ടുണ്ട്.

പ്രധാനമന്ത്രി ആവാസ് യോജന (നഗരം) - LIFE പദ്ധതിയുടെ സംസ്ഥാന നോഡൽ ഏജൻസി കൂടിയാണ് കുടുംബശ്രീ. 93 നഗരസഭകളിലായി പദ്ധതി നടപ്പിലാക്കുന്നു. സ്വന്തം ഭൂമിയുള്ളവർക്ക് 4 ലക്ഷം രൂപ (കേന്ദ്രം 1.5 ലക്ഷം, സംസ്ഥാനം 0.5 ലക്ഷം, നഗരസഭ 2 ലക്ഷം) സഹായം നൽകുന്നു. 1,27,048 വീടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 1,01,859 വീടുകളുടെ നിർമ്മാണം പൂർത്തിയായി. എന്നാൽ, PMAY (Urban) - 2.0 പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 51,249 ഭൂമിയുള്ള ഭവനരഹിതർ അപേക്ഷിച്ചിട്ടുണ്ട്.

നാഷണൽ അർബൻ ലൈവ്‌ലിഹുഡ് മിഷനു (എൻയുഎൽഎം) കീഴിൽ സംഘടനാ ശാക്തീകരണം, കാര്യശേഷി വികസനം, മോഡൽ സിഡിഎസ്, ബിസിനസ് ഡെവലപ്മെന്റ് പ്ലാൻ, ചലനം മെന്റർഷിപ്പ്, റൂട്സ് ക്യാമ്പയിൻ, മൊബൈൽ ആപ്ലിക്കേഷൻ വഴിയുള്ള വിവരശേഖരണം എന്നിവ നടത്തുന്നു. ദീൻ ദയാൽ നഗര ഉപജീവന പദ്ധതി (ഡിജെഎവൈ(എസ്)) പ്രകാരം ഗിഗ് തൊഴിലാളികൾ, പരിചരണ തൊഴിലാളികൾ, മാലിന്യ സംസ്കരണ തൊഴിലാളികൾ തുടങ്ങിയവർക്കായി പൊതു താത്പര്യ ഗ്രൂപ്പുകൾ (സിഐജി) രൂപീകരിക്കുന്നു. പിഎം സ്വാനിധി പദ്ധതിയിൽ 1,24,737 പേർക്ക് വായ്പ ലഭ്യമാക്കി. പിഎം എഫ്എംഇ പദ്ധതിയിൽ ഭക്ഷ്യസംസ്കരണ മേഖലയിലെ സംരംഭങ്ങൾക്ക് 40,000 രൂപ വരെ സീഡ് കാപിറ്റൽ നൽകുന്നുണ്ട്.

കുടുംബശ്രീ 2012 മുതൽ കേന്ദ്ര ഗ്രാമീണ വികസന മന്ത്രാലയത്തിന്റെ അംഗീകാരത്തോടെ ദേശീയ ഗ്രാമീണ ഉപജീവന മിഷനു കീഴിൽ നാഷണൽ റിസോഴ്സ് ഓർഗനൈസേഷനായി (എൻആർഒ) പ്രവർത്തിക്കുന്നു. 26 സംസ്ഥാനങ്ങളിലും 3 കേന്ദ്രഭരണ പ്രദേശങ്ങളിലും അസർബൈജാൻ, എത്യോപ്യ തുടങ്ങിയ രാജ്യങ്ങളിലും പദ്ധതികൾ നടപ്പിലാക്കി. 1.5 ലക്ഷത്തിലധികം സംരംഭങ്ങൾ സൃഷ്ടിക്കാനും മെന്റർമാർക്ക് 82 കോടിയിലധികം രൂപയുടെ തൊഴിലവസരങ്ങൾ നൽകാനും സാധിച്ചു. 2026-27 ൽ 16 സംസ്ഥാനങ്ങൾക്ക് പിആർഐ-സിബിഒ സംയോജനത്തിൽ സാങ്കേതിക പിന്തുണ, ലക്ഷദ്വീപിൽ എഫ്എൻഎച്ച്ഡബ്ല്യു പദ്ധതി, അഞ്ച് സംസ്ഥാനങ്ങൾക്ക് എസ്‌വിഇപി പിന്തുണ, ആറ് സംസ്ഥാനങ്ങളിൽ കുടുംബശ്രീ മാതൃകയിലുള്ള ഭക്ഷ്യസേവന സംരംഭങ്ങൾ, കേരളത്തിൽ 8 ജില്ലകളിലായി കമ്മ്യൂണിറ്റി ബേസ്ഡ് ടൂറിസം, അഞ്ച് ഇന്ത്യ ഫുഡ് കോർട്ടുകൾ എന്നിവ ആസൂത്രണം ചെയ്തിട്ടുണ്ട്. കുടുംബശ്രീ എൻആർഒയെ സെക്ഷൻ 8 നോട്ട് ഫോർ പ്രോഫിറ്റ് കമ്പനിയായി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഈ പ്രവർത്തനങ്ങളിലൂടെ സ്ത്രീശാക്തീകരണം, ഉപജീവന സുരക്ഷ, സാമൂഹിക ഉൾച്ചേർക്കൽ, ഹരിത വികസനം എന്നിവയിൽ കുടുംബശ്രീ നിർണ്ണായക പങ്ക് വഹിക്കുന്നു.




# ലൈഫ് മിഷൻ

2016-ലാണ് കേരള സർക്കാർ 'ലൈഫ് (സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി)' ആവിഷ്കരിച്ചത്. സംസ്ഥാനത്തെ എല്ലാ ഭവനരഹിതർക്കും അടച്ചുറപ്പുള്ള വീട് എത്തിക്കുക എന്ന ലക്ഷ്യത്തോടെ, വിവിധ കേന്ദ്ര - സംസ്ഥാന വകുപ്പുകളുടെ ഭവനപദ്ധതികളെ സമഗ്രമായി സംയോജിപ്പിക്കുകയായിരുന്നു. 2017 മുതൽ 2026 മേയ് 31 വരെയുള്ള കണക്കുകൾ പ്രകാരം ആകെ അനുവദിച്ച 6,12,924 വീടുകളിൽ 5,01,814 എണ്ണവും പൂർത്തീകരിച്ചു, അതായത് 81.87 ശതമാനം പൂർത്തീകരണം. കൂടാതെ, 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിനിലൂടെ 2984.464 സെന്റ് (ഏകദേശം 29.84 ഏക്കർ) ഭൂമി തദ്ദേശ സ്ഥാപനങ്ങൾക്കും ഗുണഭോക്താക്കൾക്കുമായി രജിസ്റ്റർ ചെയ്തു ലഭിച്ചു.

2026-27 വർഷത്തെ കർമ്മപദ്ധതിയിൽ, ബജറ്റിൽ പ്രഖ്യാപിച്ച ഭൗതിക ലക്ഷ്യം 1,00,000 വീടുകൾ എന്നതായിരുന്നു. എന്നാൽ ആകെ ഏറ്റെടുത്ത വീടുകളുടെ എണ്ണം 1,11,962 ആയി ഉയർന്നു. ഇതിൽ 2025-26 വർഷത്തിൽ കരാർ ചെയ്ത് ബാക്കിയുള്ള 1,07,513 വീടുകളും 2026-27 ൽ പുതുതായി കരാറിലേർപ്പെട്ട 4,449 വീടുകളും ഉൾപ്പെടുന്നു. ഈ കാലയളവിൽ 852 വീടുകൾ പൂർത്തീകരിച്ചു. ബാക്കി 1,11,110 വീടുകൾ നിർമ്മാണത്തിലാണ്. (ഇവയിൽ 13,404 എണ്ണത്തിന് റൂഫ് കയറിക്കഴിഞ്ഞു, 11,530 എണ്ണം ലിന്റൽ ഘട്ടത്തിലാണ്, 15,010 എണ്ണത്തിന്റെ ബേസ്മെന്റ് പൂർത്തിയായി, 67,672 എണ്ണത്തിൽ നിർമ്മാണം ആരംഭിച്ചു. 3,494 വീടുകളുടെ നിർമ്മാണം ഇതുവരെ ആരംഭിച്ചിട്ടില്ല). സാമ്പത്തിക വിഭവങ്ങളുടെ കാര്യത്തിൽ, തദ്ദേശ സ്ഥാപനങ്ങളുടെയും സംസ്ഥാനത്തിന്റെയും വിഹിതത്തോടൊപ്പം ഹഡ്കോ വായ്പയും പ്രധാനമാണ്. ആകെ 6637.22 കോടി രൂപ വായ്പ അനുവദിച്ചതിൽ 5732.472 കോടി രൂപ എടുത്തു; 904.748 കോടി രൂപ ഇനിയും എടുക്കാനുണ്ട്. (നിലവിലെ പലിശ നിരക്ക് 8.66 മുതൽ 8.78 ശതമാനം



**അർഹതയുള്ള ഒരാൾക്കും ആനുകൂല്യം നഷ്ടമാവില്ല. നയപരമായ കുറവുകൾ തിരുത്തും**

വരെയാണ്). സർക്കാർ വിഹിതമായി 332.78 കോടി രൂപ നൽകി.

ഭൂരഹിത ഭവനരഹിതർക്കായി അപ്പാർട്ട്മെന്റുകളും നിർമ്മിക്കുന്നുണ്ട്. ആകെ 36 പദ്ധതികൾ ടെണ്ടർ ചെയ്തു. നാലെണ്ണം പൂർത്തീകരിച്ചു, പത്തെണ്ണം ഒഴിവാക്കി, ബാക്കി 22 എണ്ണത്തിൽ 21 എണ്ണം പ്രീഫാബ് ഫ്ലാറ്റുകളും ഒരെണ്ണം കോൺക്രീറ്റ് ഫ്ലാറ്റുമാണ്.

ലൈഫ് ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയത് വളരെ സൂക്ഷ്മമായ നടപടിക്രമങ്ങളിലൂടെയാണ്. ഒന്നാം ഘട്ടത്തിൽ, 2014-ന് മുമ്പ് പൂർത്തിയാകാത്ത ഭവനങ്ങളുടെ പട്ടിക ശേഖരിച്ചു. രണ്ടാം ഘട്ടത്തിൽ, ഭൂമിയുള്ള ഭവനരഹിതരെ കണ്ടെത്താൻ കുടുംബശ്രീ സർവേ നടത്തി. തുടർന്ന് തദ്ദേശ സ്ഥാപന സെക്രട്ടറിമാരുടെയും ജില്ലാ കളക്ടറുടെയും അപ്പീൽ പരിശോധനകൾക്ക് ശേഷം ഗ്രാമസഭയുടെ അംഗീകാരത്തോടെ പട്ടിക അന്തിമമാക്കി. ഭൂരഹിത ഭവനരഹിതർക്കായി മൂന്നാം ഘട്ടത്തിലും സമാന രീതി പിന്തുടർന്നു. പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി വിഭാഗങ്ങൾക്കായി പ്രത്യേക അഡീഷണൽ ലിസ്റ്റ് 2019-ൽ തയ്യാറാക്കി. കൂടാതെ, 2020-ൽ 'ലൈഫ് 2020' പദ്ധതിയിലൂടെ ഓൺലൈനിൽ അപേക്ഷ ക്ഷണിച്ചു. 9,20,260 അപേക്ഷകൾ ലഭിക്കുകയും ഫീൽഡ് പരിശോധന, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെയും ജില്ലാ കളക്ടറുടെയും അപ്പീൽ പരിശോധന, ഗ്രാമസഭാ അംഗീകാരം എന്നിവയിലൂടെ അന്തിമ ഗുണഭോക്തൃ പട്ടിക തയ്യാറാക്കി.

യോഗ്യതാ മാനദണ്ഡങ്ങളിൽ പ്രധാനപ്പെട്ടവ ഇവയാണ്: ഒരേ റേഷൻ കാർഡിലുള്ളവരെ ഒറ്റ കുടുംബമായി കണക്കാക്കും; സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാരോ പെൻഷൻകാരോ ഉള്ള കുടുംബങ്ങളെ ഒഴിവാക്കും; വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ കൂടുതലുള്ളവരെ ഒഴിവാക്കും; ഗ്രാമത്തിൽ 25 സെന്റിൽ കൂടുതലോ നഗരത്തിൽ 5 സെന്റിൽ







കൂടുതലോ ഭൂമിയുള്ളവരെ ഒഴിവാക്കും (പട്ടികജാതി/വർഗ്ഗ/മത്സ്യത്തൊഴിലാളികൾക്ക് ഇളവ്); ഉപ ജീവനത്തിനല്ലാതെ നാലുചക്ര വാഹനമുള്ളവരെ ഒഴിവാക്കും; അവകാശികൾക്ക് വസ്തു ഭാഗം ചെയ്തതിനാൽ സ്വന്തം പേരിൽ ഭൂമിയില്ലാത്തവരും ഒഴിവാക്കപ്പെടും; മൺഭിത്തി, കല്ലിട്ട മതിൽ, ടാർപ്പോളിൻ, ഷീറ്റ്, ഓലമേഞ്ഞ മേൽക്കൂര തുടങ്ങിയ വയുള്ള ജീർണിച്ച വീടുകൾ വാസയോഗ്യമല്ലെന്ന് കണക്കാക്കും. ഭൂരഹിത ഭവനരഹിതരുടെ കാര്യത്തിൽ, സ്വന്തമായോ കുടുംബാംഗങ്ങളുടെ പേരിലോ 3 സെന്റിൽ താഴെ മാത്രം ഭൂമിയുള്ളവർ എന്ന അധിക മാനദണ്ഡവും പരിഗണിക്കും.

മുൻഗണനാ ക്ലേശഘടകങ്ങളിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർ, അന്ധർ, ശാരീരിക വെല്ലുവിളിയുള്ളവർ, അഗതികൾ, 40%ത്തിലേറെ ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ, കാൻസർ, ഹൃദ്രോഗം, വൃക്കതകരാറ്, പക്ഷാഘാതം തുടങ്ങിയ ഗുരുതര രോഗങ്ങളുള്ളവർ, അവിവാഹിതയായ അമ്മ (കുടുംബനാഥ), അപകടമോ രോഗമോ മൂലം തൊഴിൽ ചെയ്യാൻ കഴിയാത്ത കുടുംബനാഥ, വിധവയും സ്ഥിരവരുമാനമില്ലാത്ത അംഗങ്ങളുമുള്ള കുടുംബങ്ങൾ, എച്ച്.ഐ.വി. ബാധിതർ എന്നിവർ ഉൾപ്പെടുന്നു. ഈ മാനദണ്ഡങ്ങളെല്ലാം പാലിച്ചു കൊണ്ടാണ് സംസ്ഥാനത്തിന്റെ ഭവന പദ്ധതി കേരളത്തിൽ സമ്പൂർണ്ണ പാർപ്പിട സുരക്ഷ എന്ന ലക്ഷ്യത്തിലേക്ക് മുന്നേറുന്നത്.




# ശുചിത്വ മിഷൻ



**സമ്പൂർണ്ണ ശുചിത്വമാണ് ലക്ഷ്യം. കണക്കുകളുടെ കൃത്യത ഉറപ്പാക്കി യാഥാർത്ഥ്യ ബോധത്തോടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് മുന്നോട്ടു പോകും.**

സംസ്ഥാന പദ്ധതികളായ ശുചിത്വ കേരളം (റൂറൽ & അർബൻ), 60:40 അനുപാതത്തിൽ സംസ്ഥാനവുമായി വിഹിതം പങ്കിടുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ & അർബൻ) എന്നിവ സംസ്ഥാനത്ത് നടപ്പിലാക്കുന്നത് ശുചിത്വ മിഷൻ ആണ്. ഖരമാലിന്യ സംസ്കരണ നിയമങ്ങൾ, എൻജിടി (National Green Tribunal) ഉത്തരവുകൾ, വിവര-വിദ്യാഭ്യാസ-വിനിമയ പ്രവർത്തനങ്ങൾ, ശേഷി വികസനം എന്നിവയുടെ നോഡൽ ഏജൻസിയായും മിഷൻ പ്രവർത്തിക്കുന്നു.

2027 മാർച്ച് 31 വരെയാണ് 2020-21ൽ ആരംഭിച്ച സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫേസ് II ന്റെ കാലാവധി. എല്ലാ ഗ്രാമങ്ങളെയും ഒഡിഎഫ് പ്ലസ് ആക്കുകയാണ് ഇതിന്റെ ലക്ഷ്യം. 2,79,459 ഗാർഹിക ശൗചാലയങ്ങളും 2,185 ശൗചാലയ സമുച്ചയങ്ങളും 7,077 കമ്മ്യൂണിറ്റി കമ്പോസ്റ്റ് പിറ്റുകളും 13,928 കമ്മ്യൂണിറ്റി സോക്ക്പിറ്റുകളും 126 പ്ലാസ്റ്റിക് മാലിന്യ സംസ്കരണ യൂണിറ്റുകളും 46 ഗോബർധൻ യൂണിറ്റുകളും ഈ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചു. 60:40 എന്ന അനുപാതത്തിലുള്ള കേന്ദ്ര-സംസ്ഥാന പങ്കാളിത്തത്തോടെ 46.66 കോടി രൂപയായിരുന്നു 2025-26 വർഷത്തെ ഇതിനുള്ള ബജറ്റ് വിഹിതം. അതിൽ 45.22 കോടി രൂപ ചെലവഴിച്ചു.

2026-ഓടെ എല്ലാ നഗരങ്ങളെയും ഗാർബേജ് ഫ്രീ ആക്കുകയും പൗരന്മാർക്കിടയിൽ ശുചിത്വ സ്വഭാവം വളർത്തിയെടുക്കുകയും ഫീക്കൽ മാലിന്യ സംസ്കരണത്തിനും ജലപുനരുപയോഗം സാധ്യമാക്കുന്നതിനും സംവിധാനങ്ങൾ ഒരുക്കുകയുമാണ് 2021 ഒക്ടോബറിൽ ആരംഭിച്ച സ്വച്ഛ് ഭാരത് മിഷൻ (അർബൻ) 2.0യുടെ ലക്ഷ്യം. 2027 മാർച്ച് 31 വരെയാണ് ഇതിന്റെ കാലാവധി. എസ്ടിപി, എഫ്എസ്ടിപി, സെപ്റ്റേജ് ട്രീറ്റ്മെന്റ്, ഇന്റർസെപ്ഷൻ ആൻഡ് ഡൈവേർഷൻ തുടങ്ങിയ ഘടകങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. 92 ടിപിഡി (Tonnes Per Day) ശേഷിയുള്ള എംആർഎഫുകളും (Material Recovery facility) 93 ടിപിഡി ശേഷിയുള്ള കംപോസ്റ്റിങ്ങ് പ്ലാന്റുകളും 8 ടിപിഡിയുടെ ബയോ- മെഥനേഷൻ പ്ലാന്റും ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. 150 ടിപിഡി ശേഷിയുള്ള ഒരു സിബിജി (Compressed biogas) പ്ലാന്റ് പൂർത്തീകരിച്ചു. 340 ടിപിഡിയ്ക്കുള്ള മൂന്ന് പ്രോജക്റ്റുകളുടെ പ്രവൃത്തി നടക്കുന്നു. 12 ലക്ഷം ടൺ ലെഗസി മാലിന്യം ഇതിനകം നിർമ്മാർജനം ചെയ്തു. ഈ പദ്ധതിയുടെ ഭാഗമായി 37,013 വ്യക്തിഗത ശൗചാലയങ്ങളും 213 കമ്യൂണിറ്റി ശൗചാലയങ്ങളും 1249 പൊതു ശൗചാലയങ്ങളും നിർമ്മിച്ചു. 78 ആസ്പിറേഷണൽ പൊതു ശൗചാലയങ്ങളും 124 യൂറിനലുകളും സ്ഥാപിച്ചു.



ലോകത്തിലെ ഏറ്റവും വലിയ ശുചിത്വ സർവേയായ സ്വച്ഛ് സർവേക്ഷൻ 2024-25 ൽ കേരളത്തിൽ നിന്ന് 94 നഗരങ്ങൾ പങ്കെടുത്തതിൽ 7 നഗരങ്ങൾ ദേശീയ റാങ്കിങ്ങിൽ ആദ്യ നൂറിൽ ഇടം നേടി.

ഖരമാലിന്യ സംസ്കരണത്തിൽ, ജൈവ, അജൈവ, സാനിറ്ററി, പ്രത്യേക ശ്രദ്ധ ആവശ്യമുള്ള മാലിന്യം എന്നിങ്ങനെ നാലു തരത്തിലുള്ള ഉറവിട തരംതിരിക്കൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. സിബിജി (Compressed biogas) പ്ലാന്റുകൾ, ആർഡിഎഫ് (Refuse Derived Fuel) പ്ലാന്റുകൾ, സാനിറ്ററി ഇൻസിനറേറ്ററുകൾ എന്നിവ പ്രവർത്തനത്തിലുണ്ട്. ബ്രഹ്മപുരത്ത് പ്രതിദിനം 500 ടൺ ശേഷിയിലും 15 മെഗാവാട്ട് വൈദ്യുതി ഉൽപാദന ശേഷിയിലും വേസ്റ്റ് ടു എനർജി (Waste to Energy) പ്ലാന്റ് പിപിപി (Public Private Partnership) മാതൃകയിൽ നടപ്പാക്കുന്നു. ബ്രഹ്മപുരം ഡംപ്സൈറ്റിന്റെ (Dump Site) ബയോറെമഡിയേഷനും (Bioremediation) പുരോഗമിക്കുന്നു.

ഖരമാലിന്യ പരിപാലന ചട്ടം 2026 നടപ്പിലാക്കുന്നതിലെ പുരോഗതി വിലയിരുത്തുന്നതിനും സുപ്രീം കോടതി ഉത്തരവ് പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനുമായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാന കമ്മിറ്റിയും എല്ലാ ജില്ലകളിലും പ്രത്യേക സെല്ലുകളും പ്രവർത്തിക്കുന്നുണ്ട്. മാലിന്യ സംസ്കരണ മേഖലയിൽ സർക്കുലർ ഇക്കണോമി നടപ്പിലാക്കുന്നതിനായി സംസ്ഥാന തല സ്റ്റിയറിംഗ് കമ്മിറ്റിയും പ്രവർത്തിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ഗ്യാപ് അനാലിസിസും (Gap Analysis) ത്രൈമാസ അവലോകനവും നടത്തിവരുന്നു. ദ്രവ മാലിന്യ സംസ്കരണത്തിൽ, ഫീക്കൽ മാലിന്യ സംസ്കരണം (Faecal Sludge Management), ഉപയോഗിച്ച ജല മാനേജ്മെന്റ് (Wastewater Management), ഗ്രേ വാട്ടർ മാനേജ്മെന്റ് (Greywater Management) എന്നിവ പ്രധാന ഘടകങ്ങളാണ്.

പരിശീലനം, വർക്ക്ഷോപ്പ്, സെമിനാർ, ബ്രെയിൻസ്റ്റോമിംഗ്, പഠന സന്ദർശനം, ലേണിംഗ് മെറ്റീരിയലുകൾ എന്നിവയിലൂടെ ശേഷി വികസനത്തിനും വിവര വിജ്ഞാന വ്യാപനത്തിനും വേണ്ടിയുള്ള ഇടപെടലുകൾ മിഷൻ നടത്തി വരുന്നു. മാലിന്യം വലിച്ചെറിയുന്ന പ്രവണത ഗണ്യമായി കുറയ്ക്കാനും ഉറവിടത്തിൽ തരംതിരിച്ച് ഹരിത കർമ്മസേനയ്ക്ക് നൽകുന്ന ശീലം വളർത്താനും മിഷന് കഴിഞ്ഞിട്ടുണ്ട്. മാലിന്യ സംസ്കരണ പദ്ധതികളോടുള്ള പൊതുജന എതിർപ്പും അതിന്റെ കൂടി ഫലമായുള്ള സ്ഥലത്തിന്റെ ലഭ്യതക്കുറവും പരിഹരിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, ഹരിത കർമ്മസേന, എൻജിഒകൾ, സിബിഒകൾ എന്നിവർ പങ്കാളികളാകുന്ന വിവരവ്യാപന പ്രവർത്തനങ്ങൾ സഹായകമാകും.






# കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പദ്ധതി

കേരളത്തിലെ നഗരമാലിന്യ സംസ്കരണ രംഗത്തെ നിർണ്ണായക ഇടപെടലാണ് 2021 ൽ ആരംഭിച്ച കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പദ്ധതി (KSWMP). ലോക ബാങ്കിന്റെയും ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കിന്റെയും (AIIB) പിന്തുണയോടെ 93 നഗര പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ കാലാവധി 2027 വരെയാണ്. ആദ്യം കണക്കാക്കിയിരുന്ന ആകെ ചെലവ് 300 മില്യൺ ഡോളറായിരുന്നെങ്കിലും പിന്നീടത് പുനഃക്രമീകരിച്ച് 201 മില്യൺ ഡോളറാക്കി. സംസ്ഥാനത്തെ മാലിന്യ സംസ്കരണം സ്ഥാപന വൽക്കരിക്കുകയും സേവന വിതരണ സംവിധാനം ശക്തിപ്പെടുത്തുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.



**ശുചിത്വ അടിസ്ഥാന സൗകര്യ വികസനം ശക്തിപ്പെടുത്തും**

സ്ഥാപന വികസനവും ശേഷിവികസനവും പദ്ധതിനിർവഹണവും, നഗരസഭകൾക്കും മുനിസിപ്പാലിറ്റികൾക്കും ധനസഹായം, പ്രാദേശിക മാലിന്യസംസ്കരണ അടിസ്ഥാനസൗകര്യ വികസനം എന്നിവയാണ് പദ്ധതിയുടെ മൂന്ന് ഘടകങ്ങൾ.

നയപരമായ നിരവധി ഇടപെടലുകൾ ഈ പദ്ധതിയുടെ ഭാഗമായി ഉണ്ടായി. കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് 2024 നിലവിൽ വന്നു. യൂസർ ഫീസ് ശേഖരണ ചട്ടക്കൂട്, തൊഴിലാളികളുടെ ആരോഗ്യ-സുരക്ഷാ മാനദണ്ഡങ്ങൾ, മാതൃകാ സ്റ്റാഫിംഗ് നയം, റീജിയണൽ മാലിന്യസംസ്കരണ കേന്ദ്രങ്ങളുടെ സമീപ വാസികൾക്കായുള്ള ആനുകൂല്യപാക്കേജ് എന്നിവ ഇതിന്റെ ഭാഗമായി രൂപപ്പെടുത്തിയിട്ടുണ്ട്.

ശേഷി വികസനത്തിന്റെ ഭാഗമായി 14,000-







ത്തിലധികം പേരെ പങ്കെടുപ്പിച്ച് 249 പരിശീലന പരിപാടികൾ നടത്തി. 30-ലധികം സംസ്ഥാന വ്യാപക ബോധവൽക്കരണ കാമ്പെയ്നുകളും 93 നഗരഭരണ സ്ഥാപനതല ഐഇസി (Information, Education and Communication) പ്ലാനുകളും നടപ്പിലാക്കി. സാമൂഹിക-പാരിസ്ഥിതിക സുരക്ഷാ മുന്നൊരുക്കങ്ങളായി എല്ലാ നഗര ഭരണ സ്ഥാപനങ്ങളിലും ഒന്നാംഘട്ട പാരിസ്ഥിതിക-സാമൂഹിക ഓഡിറ്റ് പൂർത്തിയാക്കി. ബയോസിഎൻജികൾക്കും(Bio-CNG), ഡംപ്സൈറ്റ് (Dump Site) പദ്ധതികളിലും പരിസ്ഥിതി മാനേജ്മെന്റ് പ്ലാൻ (Environment Management Plan) നിർബന്ധമാക്കി. അഗ്നി സുരക്ഷാ മാർഗ്ഗരേഖ തയ്യാറാക്കി. 93 നഗരസഭകളിലും തൊഴിൽ നിയമ പാലനവും ലിംഗവിടവ് വിലയിരുത്തലും പൂർത്തിയാക്കി. വെബ് പോർട്ടൽ,



മൊബൈൽ ആപ്പ്, ടോൾ ഫ്രീ നമ്പർ എന്നിവയുൾപ്പെടെയുള്ള പരാതി പരിഹാര സംവിധാനവും ഏർപ്പെടുത്തി.

93 നഗരസഭകളിലും കരട് മാലിന്യ സംസ്കരണ പദ്ധതികൾ തയ്യാറാക്കി. ഇതിൽ 57 എണ്ണം മുനിസിപ്പൽ കൗൺസിലും 34 എണ്ണം സംസ്ഥാന സാങ്കേതിക സമിതിയും അംഗീകരിച്ചു. പിപിഇ കിറ്റ്, ബെയ്‌ലിംഗ് മെഷീൻ, ഡീഡസ്റ്റർ, കൺവെയർ ബെൽറ്റ് തുടങ്ങി 566 പാക്കേജുകളിൽ 6.81 കോടി രൂപയ്ക്കുള്ള വാങ്ങലുകൾ പൂർത്തിയാക്കി. ഒന്നാം വർഷ പ്രവൃത്തികളായി തുമ്പൂർമുഴി മാതൃകയിലുള്ള എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, വിൻഡ്റോ കമ്പോസ്റ്റ് പ്ലാന്റ് നവീകരണം എന്നിവയുൾപ്പെടെ 356 പ്രവൃത്തികളിൽ 127 എണ്ണം കരാർ ചെയ്തു. തുടർ വർഷ പ്രവൃത്തികൾക്കായി അഞ്ച് വിൻഡ്റോ കമ്പോസ്റ്റ് പ്ലാന്റുകളുടെ നവീകരണത്തിന് ₹5.98 കോടിയും 52 നഗര ഭരണ സ്ഥാപനങ്ങളിലായി 118 വാഹനങ്ങൾക്ക് ₹17.36 കോടിയും അനുവദിച്ചു. ഇതിൽ 20 വാഹനങ്ങൾ (₹2.59 കോടി) ലഭ്യമായി.

ഹരിത കർമ്മ സേനയുടെ (HKS) ബിസിനസ് വികസന പദ്ധതിക്കായി (BDP) 3000-ത്തിലധികം അംഗങ്ങളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്താൻ ₹15 കോടി വകയിരുത്തി. സ്ക്രാപ്പ് ട്രേഡിംഗ്, തുണിസഞ്ചി നിർമ്മാണം, കമ്പോസ്റ്റ്/ഇനോക്കുലം ഉത്പാദനം, ഗ്രീൻ ഇവന്റ് റെന്റൽ തുടങ്ങിയ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. 2025 ഓഗസ്റ്റ് 14-ന് ഇതിന്റെ സംസ്ഥാന തല ഉദ്ഘാടനം നടന്നു.

പിന്നീട് ഇതിന്റെ നടപ്പാക്കൽ ചുമതല ഹരിത കർമ്മസേനാ കൺസോർഷ്യത്തിൽ നിന്ന് നഗരഭരണ സമിതികളിലേക്ക് മാറ്റി. 82 BDP-കളിൽ (Biodigester Plant) 43 എണ്ണത്തിന്റെ സാങ്കേതിക വിശദാംശങ്ങളും വാങ്ങൽ പദ്ധതികളും പൂർത്തിയായി.

പ്രാദേശിക സൗകര്യങ്ങൾ ഒരുക്കലും ഡംപ് സൈറ്റുകളുടെ വീണ്ടെടുപ്പും (ഘടകം 3) പദ്ധതിയുടെ നിർണായക ഭാഗമാണ്. ബയോമൈനിംഗും (Bio-mining) ബയോറെമേഡിയേഷനും (Bioremediation) വഴി 80 ഏക്കറിൽ 21 ഡംപ്സൈറ്റുകളിൽ ജോലി പുരോഗമിക്കുന്നു. ക്ലസ്റ്റർ 1 (12 സൈറ്റ്, ₹46.35 കോടി, 61% പുരോഗതി) ക്ലസ്റ്റർ 2 (8 സൈറ്റ്, ₹48.89 കോടി, 50% പുരോഗതി) എന്നിവ നിർവഹണ ഘട്ടത്തിലാണ്. കോഴിക്കോട് ഞെളിയൻപാറ ഡംപ്സൈറ്റിന്റെ പുനരുദ്ധാരണം കരാർ നൽകിയിട്ടുണ്ട്. ചിലയിടങ്ങളിൽ പ്രാദേശിക തടസ്സങ്ങളുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികളിലെ സങ്കീർണത, കാലാവസ്ഥാ പ്രശ്നങ്ങൾ, വിദഗ്ധരുടെ ലഭ്യതക്കുറവ് എന്നിവയും നിലനിൽക്കുന്നു.

സുസ്ഥിര മാലിന്യ സംസ്കരണത്തിലൂടെ ശുചിത്വകേരളം എന്ന ലക്ഷ്യത്തിലേക്കുള്ള പ്രധാന ചുവടുവെപ്പാണ് കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പദ്ധതി.

# ക്ലീൻ കേരള കമ്പനി ലിമിറ്റഡ്



തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ 2013-ലാണ് ക്ലീൻ കേരള കമ്പനി ലിമിറ്റഡ് രൂപീകരിക്കപ്പെട്ടത്. സംസ്ഥാനത്തെ 14 ജില്ലകളിലും പ്രവർത്തനമുള്ള കമ്പനി, 585-ലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി (സംസ്ഥാനത്തെ ആകെയുള്ള വയുടെ 56 ശതമാനം) കരാറിലേർപ്പെട്ടിരിക്കുന്നു. 266 ജീവനക്കാരും 2.81 ലക്ഷം ചതുരശ്രയടി ശേഖരണ സംവിധാനങ്ങളുമായി, ജിപിഎസ് ഘടിപ്പിച്ച വാഹനങ്ങൾ, റീസൈക്ലർമാർ, സിമൻറ് പ്ലാന്റുകൾ എന്നിവരുമായുള്ള സഹകരണത്തോടെയാണ് കമ്പനിയുടെ പ്രവർത്തനം മുന്നോട്ടുപോകുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് അജൈവ മാലിന്യങ്ങൾ ശേഖരിക്കുക, ഇ-മാലിന്യം, ചില്ല്, തുണി തുടങ്ങിയ പ്രത്യേക ഇനം മാലിന്യങ്ങൾ ശേഖരിക്കുക, പ്ലാസ്റ്റിക് റീസൈക്ലിംഗ്, റോഡ് നിർമ്മാണത്തിനാവശ്യമായ ഷ്രഡഡ് പ്ലാസ്റ്റിക് ഉത്പാദനം എന്നിവയാണ് കമ്പനിയുടെ പ്രധാന സേവന മേഖലകൾ.

നേട്ടങ്ങളുടെ കണക്കുകൾ നോക്കിയാൽ, പുന രുപയോഗ യോഗ്യമായ അജൈവ വസ്തുക്കൾ കമ്പനിക്ക് വിൽപ്പന നടത്തിയതിലൂടെ ഹരിതകർമ്മ സേനയ്ക്ക് ഇതുവരെ 38.8 കോടി രൂപ നൽകിയിട്ടുണ്ട്. സംസ്ഥാനത്തുടനീളം മാലിന്യം കത്തിക്കലും പൊതുസ്ഥലത്തെ നിക്ഷേപവും തടയുന്നതിലൂടെ 3.4 ലക്ഷം ടൺ കാർബൺ ബഹിർഗമനം തടയാൻ കഴിഞ്ഞതായി കണക്കാക്കുന്നു.

വിഷാംശമുള്ള ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളലും വായു മലിനീകരണവും ഇതിലൂടെ ഗണ്യമായി കുറച്ചു. കൂടാതെ, 2.63 ലക്ഷം ടൺ അജൈവ മാലിന്യം അശാസ്ത്രീയമായ ലാൻഡ് ഫില്ലിംഗ് ഒഴിവാക്കി, പരിസ്ഥിതി സുരക്ഷാ മാന ദണ്ഡങ്ങൾ പാലിച്ച് ശാസ്ത്രീയമായി സംസ്കരി ക്കുകയും ചെയ്തു.

കഴിഞ്ഞ അഞ്ചുവർഷത്തിനിടെ കമ്പനിയുടെ പ്രവർത്തനമേഖലയിൽ സമാനതകളില്ലാത്ത വളർച്ച യാണ് ഉണ്ടായിട്ടുള്ളത്. എല്ലാ ജില്ലകളിലും ലോജിസ്റ്റിക്സ്, സംഭരണ അടിസ്ഥാനസൗകര്യങ്ങൾ, ആധുനിക യന്ത്രവത്കൃത സംവിധാനങ്ങൾ എന്നിവ വിപുലീകരിക്കുന്നു. പ്രതിവർഷം 1.25 ലക്ഷം ടൺ മാലിന്യം സംസ്കരിക്കാനുള്ള ശേഷിയാണ് ലക്ഷ്യ മിടുന്നത്. നിലവിൽ നിരവധി പുതിയ പദ്ധതികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 500 ടൺ പ്രതിദിന ശേഷിയുള്ള നാല് റിഫ്യൂസ് ഡെറൈവ്ഡ് ഫ്യുവൽ പ്ലാന്റുകളിൽ, പാലക്കാട്, എറണാകുളം പ്ലാന്റുകൾ പ്രവർത്തനക്ഷമമായി. കണ്ണൂർ, തിരുവനന്തപുരം എന്നിവിടങ്ങളിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇ-മാലിന്യ സംസ്കര ണത്തിനായി മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്ത് 14.6 ഏക്കർ സ്ഥലത്ത് പത്ത് കോടി രൂപ നിക്ഷേപത്തോടെ 100 ടൺ പ്രതിദിന ശേഷിയുള്ള അത്യാധുനിക റീസൈക്ലിംഗ് പ്ലാന്റ് സ്ഥാപിക്കുന്നുണ്ട്. ഈ പദ്ധതി ഒരു വർഷത്തിനകം പൂർത്തിയാക്കും.

പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ കൊല്ലം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ ജില്ലകളിൽ നാല് സാനിറ്ററി മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ വികസിപ്പിച്ചുവരുന്നു. 2026 ഓഗസ്റ്റോടെ 80 ടൺ പ്രതിദിന സംയോജിത സംസ്കരണ ശേഷിയാണ് ഇതിലൂടെ സൃഷ്ടിക്കുക. കുന്നന്താനം ഇന്റഗ്രേറ്റഡ് പ്ലാസ്റ്റിക് മാലിന്യ സംസ്കരണ കേന്ദ്രത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങളെ മൂല്യവർധിത ഗ്രാന്യൂളുകളാക്കി മാറ്റുന്നു. അനന്തപുരം സെഗ്രിഗേഷൻ പാർക്കിൽ ഹരിതകർമ്മ സേന ശേഖരിക്കുന്ന ഡ്രൈ വേസ്റ്റുകൾ യന്ത്രവത്കൃതമായി തരംതിരിക്കുന്നു. മലപ്പുറം കുറ്റിപ്പുറത്ത് റീസൈക്ലിംഗ് സംവിധാനമുള്ള ഗ്രീൻ പാർക്കിന്റെ നിർമ്മാണവും പുരോഗമിക്കുന്നു.

റീസൈക്ലിംഗ് ശേഷി വർധിപ്പിക്കുന്നതിലൂടെ, പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുമായി ഇപിആർ സർട്ടിഫിക്കറ്റുകൾ (Extended Producer Responsibility Certificate) പങ്കിടാനും അതുവഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഹരിതകർമ്മ സേനയുടെയും വരുമാനം വർധിപ്പിക്കാനും കമ്പനിക്ക് കഴിയും. കാർബൺ ക്രെഡിറ്റിന്റെ (Carbon Credit) സാധ്യതകളും ഇതിലൂടെ പ്രയോജനപ്പെടുത്താം. സാനിറ്ററി, ഡയപ്പർ മാലിന്യങ്ങൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക പ്ലാന്റുകളും വീടുകളിൽ നിന്നുള്ള പ്രത്യേക ശേഖരണ സംവിധാനങ്ങളും സുരക്ഷിതമായ ഗതാഗത സംവിധാനങ്ങളും സംസ്ഥാനവ്യാപകമായി നടപ്പിലാക്കാം. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും എക്കോ-ബാങ്കുകളും ശേഖരണ കേന്ദ്രങ്ങളും സ്ഥാപിച്ച് പൊതുജനങ്ങൾക്ക് എളുപ്പത്തിൽ മാലിന്യം കൈമാറാനുള്ള സൗകര്യവും ഒരുക്കിവരുന്നു.

ഭാവിയിൽ, പ്രതിവർഷം 50,000 ടൺ റീസൈക്ലബിൾ മാലിന്യം സംസ്കരിക്കുക എന്നതാണ് ഒരു പ്രധാന ലക്ഷ്യം. സോർട്ടിംഗ് സംവിധാനങ്ങളും കാര്യക്ഷമതയും ശക്തിപ്പെടുത്തുന്നതിലൂടെ, അജൈവ മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ഭാരം കുറയ്ക്കാൻ കഴിയും. സാധ്യതയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജൈവമാലിന്യ ശേഖരണ-സംസ്കരണ സംവിധാനങ്ങൾ വിപുലീകരിച്ച് കമ്പനിക്ക് പുതിയ വരുമാന സ്രോതസ്സുകൾ സൃഷ്ടിക്കുകയും ഹരിതകർമ്മ സേന അംഗങ്ങളുടെ വരുമാനം വർധിപ്പിക്കുകയും ചെയ്യും.

> **പുനരുപയോഗ യോഗ്യമായ അജൈവ വസ്തുക്കൾ കമ്പനിക്ക് വിൽപ്പന നടത്തിയതിലൂടെ ഹരിതകർമ്മ സേനയ്ക്ക് ഇതുവരെ 38.8 കോടി രൂപ നൽകിയിട്ടുണ്ട്. സംസ്ഥാനത്തുടനീളം മാലിന്യം കത്തിക്കലും പൊതുസ്ഥലത്തെ നിക്ഷേപവും തടയുന്നതിലൂടെ 3.4 ലക്ഷം ടൺ കാർബൺ ബഹിർഗമനം തടയാൻ കഴിഞ്ഞതായി കണക്കാക്കുന്നു.**

മാലിന്യമുക്ത കേരളത്തിലേക്കുള്ള യാത്രയിൽ, സംസ്ഥാനത്തെ ശുചിത്വ മേഖല ആധുനികവൽക്കരിക്കാനും മാലിന്യത്തിന്റെ പുനചംക്രമണം പരമാവധി പ്രയോജനപ്പെടുത്താനും പുനചംക്രമണയോഗ്യമല്ലാത്ത മാലിന്യത്തെ ഇന്ധനമാക്കി മാറ്റാനും ഹരിത ഉപജീവനമാർഗങ്ങൾ ഉറപ്പാക്കാനും ക്ലീൻ കേരള കമ്പനി ലിമിറ്റഡ് തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് പ്രവർത്തിച്ചുവരുന്നു.



# മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എ



മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS) രാജ്യത്തെ ഗ്രാമീണ തൊഴിലുറപ്പ് മേഖലയിൽ നിർണായക പങ്കാണ് വഹിക്കുന്നത്. 2005-ലെ എൻ.ആർ.ഇ.ജി. നിയമപ്രകാരം ആവിഷ്കരിച്ച ഈ പദ്ധതി, തൊഴിൽ ചെയ്യാൻ തയ്യാറുള്ള ഗ്രാമീണ കുടുംബങ്ങൾക്ക് വർഷത്തിൽ 100 ദിവസം വേതന തൊഴിൽ ഉറപ്പുനൽകുന്നു. ആവശ്യകതയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ഒരു കേന്ദ്രാംഗീകൃത പദ്ധതിയാണിത്. 2025-ൽ പാർലമെന്റ് 'വികസിത് ഭാരത് - ഗ്യാരണ്ടി ഫോർ രോസ്ഗർ ആന്റ് അജീവിക മിഷൻ (ഗ്രാമീൺ)' (VB-G RAM G) ആക്റ്റ് പാസാക്കി. ഈ നിയമം പഴയ MGNREG ആക്റ്റിന് പകരമായി വരികയും 2026 ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വരികയും ചെയ്യും.

തൊഴിലുറപ്പുപദ്ധതിയുടെ നിർവ്വഹണത്തിൽ കഴിഞ്ഞ വർഷങ്ങളിലെ പ്രകടനം കേരളത്തെ ദേശീയ തലത്തിൽ മുന്നിൽ നിർത്തുന്നു. ഭൗതിക പുരോഗതിയുടെ കണക്കുകൾ നോക്കുമ്പോൾ, പ്രധാനമായും കൃഷി അനുബന്ധ പ്രവർത്തനങ്ങൾ (67%), ജലസംരക്ഷണം (26%), മൺറോഡ് നിർമ്മാണം (4%), മറ്റുള്ളവ (3%) എന്നിങ്ങനെ വിവിധ മേഖലകളിലായി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുന്നു.



**പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിനാണ് പ്രഥമ പരിഗണന**



**2025–26 വർഷത്തെ ദേശീയ റാങ്കിംഗിൽ കേരളം പല കാര്യങ്ങളിലും ഒന്നാം സ്ഥാനം കരസ്ഥമാക്കി. നൂറു ദിവസം തൊഴിൽ പൂർത്തിയാക്കുന്ന കുടുംബങ്ങളുടെ എണ്ണത്തിലും ശതമാനത്തിലും, നൂറു ദിവസം പൂർത്തിയാക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളിലും, വനിതകൾക്ക് നൽകുന്ന തൊഴിൽ ദിനങ്ങളിലും കേരളം ഒന്നാമതാണ്.**



2025–26 വർഷത്തെ ദേശീയ റാങ്കിംഗിൽ കേരളം പല കാര്യങ്ങളിലും ഒന്നാം സ്ഥാനം കരസ്ഥമാക്കി. നൂറു ദിവസം തൊഴിൽ പൂർത്തിയാക്കുന്ന കുടുംബങ്ങളുടെ എണ്ണത്തിലും ശതമാനത്തിലും, നൂറു ദിവസം പൂർത്തിയാക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളിലും, വനിതകൾക്ക് നൽകുന്ന തൊഴിൽ ദിനങ്ങളിലും കേരളം ഒന്നാമതാണ്. കേരളത്തിന്റെ പ്രത്യേക പദ്ധതികളിൽ ഓണം അലവൻസ് ഉൾപ്പെടുന്നു, 100 ദിവസം തൊഴിൽ പൂർത്തിയാക്കുന്ന കുടുംബങ്ങൾക്ക് ₹1,200 രൂപ ബോണസ് നൽകുന്നു. കഴിഞ്ഞ സൈക്കിളിൽ 5.19 ലക്ഷം കുടുംബങ്ങൾക്ക് ഇതിലൂടെ ₹62.35 കോടി രൂപ ലഭിച്ചു. കേരള ട്രൈബൽ പ്ലസ് എന്ന പദ്ധതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സംസ്ഥാന ഫണ്ടിൽ നിന്ന് അധികമായി 100 ദിവസം (ആകെ 200 ദിവസം) തൊഴിൽ ഉറപ്പുനൽകുന്നു. സുഭിക്ഷ കേരളം പദ്ധതിയിലൂടെ കന്നുകാലി ഷെഡ്, ആട്ടിൻ തൊഴുത്ത്, കോഴിഷെഡ് തുടങ്ങിയ ജീവിതോപാധി ആസ്തികൾ സൗജന്യമായി നിർമ്മിച്ചുനൽകുന്നു. ശുചിത്വ കേരളം പദ്ധതിയിലൂടെ ശുചിത്വ മിഷന്റെ ഭാഗമായി കമ്പോസ്റ്റ് കുഴി, സോക്ക് പിറ്റ്, മിനി എം.സി.എഫ് എന്നിവ നിർമ്മിക്കുന്നു.

കേരള എംപ്ലോയ്മെന്റ് ഗ്യാരണ്ടി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് തൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുന്നു. പെൻഷൻ, വൈകല്യ പെൻഷൻ, കുടുംബ പെൻഷൻ, പ്രസവ ആനുകൂല്യം, വിവാഹ സഹായം, അന്തിമ സഹായം, വൈദ്യ സഹായം, വിദ്യാഭ്യാസ സഹായം, മരണാനന്തര ധനസഹായം എന്നിവയാണ് ഈ ആനുകൂല്യങ്ങൾ.

2026 മുതൽ നിലവിൽ വരുന്ന പുതിയ VB-G RAM G നിയമം കാര്യമായ മാറ്റങ്ങൾക്ക് വഴിവെക്കും. വികസിത് ഭാരത് – ഗ്യാരണ്ടി ഫോർ രോസ്ഗർ ആന്റ് അജീവിക മിഷൻ (ഗ്രാമിൻ)' (VB-G RAM G) നിയമത്തിൽ ആകെ 318 പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൃഷിയനുബന്ധ പ്രവൃത്തികൾ, ജലസംരക്ഷണം, മൺറോഡ്, നാച്ചുറൽ ഫാമിംഗ്, ഗോകുൽ ഗ്രാം, അമൃത് സരോവർ, ഹരിത് ഗ്രാം എന്നിവ ഇതിൽ പ്രധാനമാണ്. എന്നാൽ പഴയ MGNREGS-ൽ ഉണ്ടായിരുന്ന പല പ്രധാന പ്രവൃത്തികളും പുതിയ നിയമത്തിൽ ഒഴിവാക്കിയിട്ടുണ്ട്. സ്റ്റേറ്റ് ഹൗസിംഗ് സ്കീം, ഭൂവികസനം, തരിശുഭൂമി വികസനം, കരയണകെട്ട്, വ്യക്തിഗത തീറ്റപ്പുൽ കൃഷി എന്നിവ ഒഴിവാക്കിയ പ്രവൃത്തികളിൽ ഉൾപ്പെടുന്നു.

# കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA)








**ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും മികച്ച പരിശീലനം ഉറപ്പാക്കും**

1990-ൽ സ്ഥാപിതമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശേഷി വികസനത്തിനായി കാര്യക്ഷമവും സുതാര്യവുമായ തദ്ദേശ ഭരണം കെട്ടിപ്പടുക്കുക എന്ന ദൗത്യവുമായാണ് പ്രവർത്തിക്കുന്നത്.

തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും KILA വിപുലമായ പരിശീലനങ്ങൾ നൽകുന്നു. കൂടാതെ, ഗവേഷണം, നയരൂപീകരണം, വിവിധ ഭരണ മാതൃകകളുടെ പ്രചാരണം എന്നിവയിലും സജീവമായി ഏർപ്പെട്ടിരിക്കുന്നു. 2021 മുതൽ 2026 വരെയുള്ള കാലയളവിൽ 12.67 ലക്ഷത്തിലധികം ആളുകൾ KILA-യുടെ വിവിധ പരിശീലന പരിപാടികളിൽ പങ്കെടുത്തിട്ടുണ്ട്. 2023-24 കാലയളവിൽ 4.10 ലക്ഷം പേർക്ക് പരിശീലനം നൽകി. പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത്, നഗരസഭാ അംഗങ്ങൾക്കുള്ള ഇൻഡക്ഷൻ പരിശീലനം, വനിതാ നേതൃത്വ പരിപാടികൾ, സെക്രട്ടറിമാർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ, എൻജിനീയറിങ്, ആരോഗ്യ വകുപ്പ് ജീവനക്കാർ, ഓഫീസ് ജീവനക്കാർ എന്നിവർക്കുള്ള ശേഷി വികസന പരിപാടികൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ലിംഗനീതി, സാമൂഹിക ഉൾപ്പെടുത്തൽ, ട്രാൻസ്ജെൻഡർ അവകാശങ്ങൾ, ഉപജീവന മാർഗ്ഗ വികസനം, സംയോജിത മാലിന്യ സംസ്കരണം, കാലാവസ്ഥാ വ്യതിയാന ലഘൂകരണം, ദുരന്ത നിവാരണം എന്നിവയുൾപ്പെടെ വിവിധ സമകാലിക വിഷയങ്ങളിലും KILA പരിശീലനം നൽകുന്നു.

പരിശീലനത്തിനപ്പുറം, കാലിക്കറ്റ് സർവകലാശാലയുമായി സഹകരിച്ച് ബിരുദ കോഴ്സുകളും കണ്ണൂർ സർവകലാശാലയുമായി ചേർന്ന് ബിരുദാനന്തര ബിരുദ കോഴ്സുകളും ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുമായി ചേർന്ന് ഡിപ്ലോമ ഇൻ ലോക്കൽ ഗവേണൻസ് (DLG) പോലുള്ള അക്കാദമിക് പ്രോഗ്രാമുകളും KILA വാഗ്ദാനം ചെയ്യുന്നു. ലിംഗനീതി, നഗരഭരണം, കാലാവസ്ഥ, അന്താരാഷ്ട്ര സഹകരണം (യുണിസെഫ്, ലോകബാങ്ക്, യുഎൻഡിപി തുടങ്ങിയവരുമായി) എന്നീ മേഖലകളിലായി നിരവധി ഗവേഷണ പദ്ധതികളും KILA ഏറ്റെടുത്ത് നടത്തുന്നു. ശ്രീലങ്ക, ബംഗ്ലാദേശ്, നേപ്പാൾ തുടങ്ങിയ രാജ്യങ്ങളുമായി ദീർഘകാല ധാരണാപത്രങ്ങൾ നിലവിലുണ്ട്.

തദ്ദേശ ഭരണത്തിലെ നൂതന ആശയങ്ങൾ (ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്ററുകൾ വഴി) പ്രോത്സാഹിപ്പിക്കുന്നതിനും, സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ (SDG) പ്രാദേശികവൽക്കരണത്തിനുള്ള നോഡൽ ഏജൻസിയായി മാറുന്നതിനും ഐ.ടി., എ.ഐ. അധിഷ്ഠിത ഭരണവും പരിശീലനവും ഏകോപിപ്പിക്കുന്നതിനുമുള്ള പ്രവർത്തന പദ്ധതികളുമായാണ് KILA മുന്നോട്ടു പോകുന്നത്.

# ഐ.കെ.എമ്മും കേരളത്തിന്റെ ഇ-ഗവേണൻസ് വിപ്ലവവും



**സാങ്കേതികവിദ്യ ഏറ്റവും ശാസ്ത്രീയമായി ഉപയോഗപ്പെടുത്തി സേവനം കൂടുതൽ ജനസൗഹാർദ്ദപരമാക്കും.**




കഴിഞ്ഞ 25 വർഷമായി കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി ഇ-ഗവേണൻസ് പരിഹാരങ്ങൾ ഒരുക്കുന്നത് ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.) ആണ്. അന്തർദേശീയമായി അംഗീകരിക്കപ്പെട്ട കെ-സ്മാർട്ട് പ്ലാറ്റ്ഫോമുൾപ്പെടെ 1,500 കോടി രൂപയിലധികം മൂല്യമുള്ള സോഫ്റ്റ്‌വെയർ അസറ്റുകൾ ഐ.കെ.എം. വികസിപ്പിച്ചിട്ടുണ്ട്. പൗര കേന്ദ്രിത ഭരണസംവിധാനം എന്ന ലക്ഷ്യത്തോടെ, ഫയൽ കേന്ദ്രീകൃതം, ഡാറ്റാ കേന്ദ്രീകൃതം, മനുഷ്യ കേന്ദ്രീകൃതം എന്നീ മൂന്നു തലങ്ങളിലൂടെയാണ് ഐ.കെ.എം. പ്രവർത്തിക്കുന്നത്.

പദ്ധതി നിർവഹണത്തിന് ദ്രുതവിതരണ മാതൃകയാണ് ഐ.കെ.എം. സ്വീകരിക്കുന്നത്. ഒൻപത് മൊഡ്യൂളുകളും 12,000-ത്തിലധികം സ്റ്റോറികളും 50,000-ത്തിലധികം സ്റ്റോറി പോയിന്റുകളും 750 ഉപവിഭാഗങ്ങളും ഉൾപ്പെടുന്ന ഈ മാതൃക, ഗുണമേന്മാ ഉറപ്പ്, യൂണിറ്റ് ടെസ്റ്റിംഗ്, ഇന്റഗ്രേഷൻ ടെസ്റ്റിംഗ്, സുരക്ഷാ പരിശോധന തുടങ്ങിയ ഘട്ടങ്ങളിലൂടെയാണ് പദ്ധതികളെ തത്സമയമാക്കുന്നത്. 141 ദിവസത്തെ പരിശീലനവും ഇതിന്റെ ഭാഗമാണ്.

ഐ.കെ.എമ്മിന്റെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്നാണ് എഐ പവേർഡ് കെ-സ്മാർട്ട് ബിപി മൊഡ്യൂൾ. ഇതിലൂടെ 90,000-ത്തിലധികം ബിസിനസ് പെർമിറ്റുകൾ മനുഷ്യ ഇടപെടൽ കൂടാതെ നൽകാൻ സാധിച്ചിട്ടുണ്ട്. കെഇഎഫ്ടി, അനലിറ്റിക്കൽ ഡാഷ്ബോർഡ്, സ്മാർട്ടി എഐ കോൾ സെന്റർ (SMARTY AI Call Centre), കെ-സ്യൂട്ട്, ക്യു-ഫീൽഡ്, ഹരിതമിത്രം, സ്ത്രീ സുരക്ഷ തുടങ്ങിയ സംവിധാനങ്ങളും ഐ.കെ.എം. വികസിപ്പിച്ചിട്ടുണ്ട്.

ആധുനിക ടീം & വർക്ക് കോളബറേഷൻ ടൂളുകളുടെ (Team & Work Collaboration Tool) ഉപയോഗം ഐ.കെ.എമ്മിന്റെ പ്രത്യേകതയാണ്. എല്ലാ വിവരങ്ങളും ഒരിടത്ത് സംഘടിപ്പിച്ച് ഉള്ളടക്ക സഹകരണം, പദ്ധതികളുടെ പുരോഗതി പങ്കുവയ്ക്കൽ, കമന്റുകൾ, മെൻഷനുകൾ, നോട്ടിഫിക്കേഷനുകൾ, സഹ-എഡിറ്റിംഗ് എന്നിവയിലൂടെ വ്യാപക സഹകരണം എന്നിവ സാധ്യമാക്കുന്നു. സോഴ്സ് കോഡ് മാനേജ്മെന്റ്, കോഡ് ബ്യൂട്ടിഫിക്കേഷൻ, സിഐ/സിഡി പൈപ്പ്ലൈനിംഗ് തുടങ്ങിയ സംവിധാനങ്ങളും നിലവിലുണ്ട്.



കേരളത്തിലെ തദ്ദേശ ഭരണത്തെ ഡിജിറ്റലായി ശാക്തീകരിച്ച ഐ.കെ.എം., ഇ-ഗവേണൻസ് മേഖലയിൽ മാതൃകയായി നിൽക്കുന്നു. സാങ്കേതിക നവീകരണം, സുതാര്യത, ജനകേന്ദ്രീകൃത സമീപനം എന്നിവയിലൂടെ കേരളത്തിന്റെ ഭരണ പരിഷ്കാരങ്ങളിൽ ഐ.കെ.എം. ഒഴിച്ചുകൂടാനാവാത്ത പങ്കാണ് വഹിക്കുന്നത്.



# അമൃത് മിഷൻ

കേരളത്തിലെ എല്ലാ വീടുകളിലേക്കും ടാപ്പ് വഴിയുള്ള ശുദ്ധജലവും ശുചിത്വ സംവിധാനങ്ങളും എത്തിക്കുക, നഗരപച്ചപ്പ് വർധിപ്പിക്കുക, പൊതുഗതാഗതത്തിനും സൈക്കിൾ യാത്രയ്ക്കും പ്രോത്സാഹനം നൽകുക എന്നീ ലക്ഷ്യങ്ങളോടെ കേന്ദ്രസർക്കാർ ആരംഭിച്ച പദ്ധതിയാണ് അമൃത് (AMRUT). കേരളത്തിൽ ഈ ദൗത്യം രണ്ടു ഘട്ടങ്ങളിലായാണ് പുരോഗമിക്കുന്നത്. 2015 ജൂണിൽ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്ത ഒന്നാം ഘട്ടം ആദ്യം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, തൃശൂർ, കൊല്ലം, കണ്ണൂർ എന്നീ കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ മുനിസിപ്പാലിറ്റികളിലുമായി ഒമ്പത് നഗരങ്ങളിലാണ് നടപ്പാക്കിയത്. 2357 കോടി രൂപയുടെ ആകെ ചെലവിൽ 1113 പദ്ധതികളാണ് ആസൂത്രണം ചെയ്തത്. ഇതിൽ 1092 എണ്ണം പൂർത്തിയായി; 21 എണ്ണം പുരോഗമിക്കുന്നു.

ജലവിതരണ മേഖലയിലാണ് ഏറ്റവും ശ്രദ്ധേയമായ പുരോഗതി കൈവരിച്ചത്. 224 പദ്ധതികളിൽ 213 എണ്ണം പൂർത്തിയായി. 265 ദശലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ആറ് ശുദ്ധജല പ്ലാന്റുകൾ നിർമിക്കുകയും 91,597 പുതിയ കുടിവെള്ള കണക്ഷനുകൾ എത്തിക്കുകയും ചെയ്തു. 2,079 കിലോമീറ്റർ പൈപ്പുലൈൻ പൂർത്തിയാക്കി. 20 ജലസംഭരണികൾ നിർമിക്കുകയും 23 കുടിവെള്ള കിയോസ്കുകൾ സ്ഥാപിക്കുകയും ചെയ്തു. മലിന ജല സംസ്കരണ മേഖലയിൽ 150 പദ്ധതികളിൽ 144 എണ്ണം പൂർത്തിയായി. ഏഴ് സംസ്കരണ പ്ലാന്റുകൾ പ്രവർത്തനസജ്ജമായി. 1.84 ലക്ഷം വീടുകളിൽ മലിന ജല സംസ്കരണ സൗകര്യമെത്തിച്ചു.

നഗരഗതാഗത മേഖലയിൽ 126 പദ്ധതികളും പൂർത്തിയായി. ഏഴ് മൾട്ടി ലെവൽ പാർക്കിംഗ് സൗകര്യങ്ങൾ, 78 കിലോമീറ്റർ നടപ്പാതകൾ, 6.5 കിലോമീറ്റർ സൈക്കിൾ ട്രാക്ക്, 25 ഫുട്ട് ഓവർ ബ്രിഡ്ജുകളും സ്കൈവാക്കുകളും, 19 ബസ് ഷെൽട്ടറുകൾ എന്നിവ നിർമിച്ചു. മഴവെള്ള ഡ്രെയിനേജ് മേഖലയിൽ 535 പദ്ധതികളിൽ 531 എണ്ണവും പൂർത്തിയായി. 333 കിലോമീറ്റർ ഡ്രെയിനേജ് ശൃംഖലയും 1,393 വെള്ളക്കെട്ട് പോയിന്റുകളും ഇല്ലാതാക്കി. പച്ചപ്പിനായി 78 പാർക്കുകൾ 55 ഏക്കറിലായി നിർമിച്ചു.

2021 ഒക്ടോബറിലാണ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് തുടക്കം കുറിച്ചത്. സംസ്ഥാനത്തെ 93 നഗരസഭകളിലേക്കും ഇത് വ്യാപിപ്പിച്ചു. 3519 കോടി രൂപയുടെ ആകെ ചെലവിൽ 711 പദ്ധതികളാണ് ഏറ്റെടുത്തത്. ഇതിൽ 571 എണ്ണത്തിന് കരാർ നൽകി. 785 കോടി രൂപ ചെലവഴിച്ചു. ജലവിതരണ മേഖലയിൽ 243 പദ്ധതികളിൽ 202 എണ്ണത്തിന് കരാർ നൽകി. 1,346 കിലോമീറ്റർ പൈപ്പുലൈൻ സ്ഥാപിച്ചു. 1.48 ലക്ഷം പുതിയ കണക്ഷനുകളും 1.92 ലക്ഷം നിലവിലുള്ള കണക്ഷനുകളുടെ പുനരുദ്ധാരണവും പൂർത്തിയായി. ഒൻപത് പുതിയ ശുദ്ധജല പ്ലാന്റുകൾ നിർമാണത്തിലാണ്.

മലിനജല മേഖലയിൽ 41 പദ്ധതികളിൽ 31 എണ്ണത്തിന് കരാർ നൽകി. 330 കിലോമീറ്ററിൽ 12.45 കിലോമീറ്റർ ശൃംഖല സ്ഥാപിച്ചു. എട്ട് സംസ്കരണ പ്ലാന്റുകൾ (58 ദശലക്ഷം ലിറ്റർ പ്രതിദിന ശേഷി) വരുന്നു. ഒരു എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റും ഒരു ഫെക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റും പ്രവർത്തനം



തുടങ്ങി. ജലസംഭരണികളുടെ പുനരുജ്ജീവനത്തിനായി 356 പദ്ധതികളിൽ 294 എണ്ണത്തിന് കരാർ നൽകി. 0.68 ചതുരശ്ര കിലോമീറ്റർ ജലാശയം പുനരുജ്ജീവിപ്പിച്ചു. പാർക്കുകൾക്കായി 71 പദ്ധതികളിൽ 44 എണ്ണത്തിന് കരാർ നൽകി.

അമൃത് 2.0-ന്റെ ഭാഗമായി 'ജലജീവിതം' എന്ന ബോധവത്കരണ കാമ്പയിൻ നടത്തി. വെള്ളം സംരക്ഷിക്കാനും പാഴാക്കാതിരിക്കാനും ശുചിത്വം പാലിക്കാനും വിദ്യാർഥികളിലും പൊതുജനങ്ങളിലും അവബോധം സൃഷ്ടിച്ചു. ഈ കാമ്പയിന് 15-ാമത് ഇഇഎഫ് ഗ്ലോബൽ എൻവയോൺമെന്റൽ സോഷ്യൽ ആൻഡ് ഗവേണൻസ് അവാർഡ് 2025 (പ്ലാറ്റിനം) ലഭിച്ചു. അമൃത് മിത്ര എന്ന പദ്ധതിയിലൂടെ 2,400-ലധികം വനിതകൾക്ക് ജലഗുണനിലവാര പരിശോധന, ജലബില്ല് ശേഖരണം, പാർക്ക് സംരക്ഷണം തുടങ്ങിയ ജോലികളിൽ പരിശീലനം നൽകി. 1,500-ലേറെ പേർ ഇതിനോടകം പ്രവർത്തന രംഗത്തുണ്ട്.

വനിതകൾ 'ഫോർ ട്രീസ്' എന്ന പദ്ധതിയിലൂടെ കുടുംബശ്രീ അംഗങ്ങളുടെ നേതൃത്വത്തിൽ നഗരങ്ങളിൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്നു. 2024-25 ശബരിമല തീർഥാടന സീസണിൽ നാല് മൊബൈൽ മലിനജല സംസ്കരണ യൂണിറ്റുകൾ വിന്യസിച്ചു. ഇത് പരിസ്ഥിതി മലിനീകരണം തടയുകയും ശുചിത്വം ഉറപ്പാക്കുകയും ചെയ്തു. കേന്ദ്രസർക്കാരിന്റെ 'ജൽ ഹി അമൃത്' പദ്ധതിയിൽ കേരളത്തിൽ നിന്ന് 15 സംസ്കരണ പ്ലാന്റുകൾ തെരഞ്ഞെടുക്കപ്പെട്ടു. 9.5 കോടി രൂപയുടെ പ്രോത്സാഹന തുക അനുവദിച്ചു.

സ്റ്റാർട്ടപ്പുകൾക്കുള്ള പിന്തുണയായി നാല് സ്റ്റാർട്ടപ്പ് ചലഞ്ചുകൾ സംഘടിപ്പിച്ചു. കേരളത്തിൽ നിന്ന് 11 സ്റ്റാർട്ടപ്പുകൾ തെരഞ്ഞെടുക്കപ്പെട്ടു. ഓരോന്നിനും 20 ലക്ഷം രൂപ വീതം ലഭിക്കും. 49 ക്ലാസ് രണ്ട് പട്ടണങ്ങളിൽ ജിഐഎസ് അധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു. തിരുവനന്തപുരം, കൊല്ലം, എറണാകുളം, പാലക്കാട്, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ലോക്കൽ ഏരിയ പ്ലാൻ നടപ്പാക്കുന്നു.

ഈ നേട്ടങ്ങൾക്ക് കേരളത്തിന് ഒന്നിലധികം ദേശീയ പുരസ്കാരങ്ങൾ ലഭിച്ചു. പ്രോജക്ട് മോണിറ്ററിംഗിനും വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് സിസ്റ്റത്തിനുമുള്ള നാഷണൽ ഇ-ഗവേണൻസ് അവാർഡ് 2025, തൃശൂരിലെ സ്കൈവാക്കിന് അർബൻ മൊബിലിറ്റി ഇന്ത്യ അവാർഡ്, ജലജീവിതം കാമ്പയിന് ഇഇഎഫ് അവാർഡ്, തൃശൂർ ജനറൽ ആശുപത്രിയിലെ 360 കെഎൽഡി സംസ്കരണ പ്ലാന്റിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അവാർഡ്, സ്കൈവാക്കിന് ഹഡ്കോ അവാർഡ് എന്നിവ ഇതിൽ ഉൾപ്പെടുന്നു.

കേരളത്തിലെ അമൃത് ദൗത്യം ജലക്ഷാമവും മലിനജല പ്രശ്നങ്ങളും പരിഹരിക്കുന്നതിൽ വലിയ മുന്നേറ്റം നടത്തിയിട്ടുണ്ട്. സ്ത്രീകളുടെ നേതൃത്വത്തിലുള്ള പദ്ധതികളും നൂതന സാങ്കേതിക വിദ്യകളും ജനകീയ ബോധവത്കരണവും ഈ വിജയത്തിന്റെ കരുത്താണ്.

# പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ)



**ലിസ്റ്റിൽ ഉൾപ്പെട്ട പരമാവധി ഗുണഭോക്താക്കൾക്ക് സഹായം എത്തിക്കും**

ഗ്രാമീണ മേഖലയിലെ ഭൂരഹിതരും ദരിദ്രരുമായ കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ 2016-ൽ ആരംഭിച്ച പദ്ധതിയാണ് പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ). 2011-ലെ സാമൂഹിക-സാമ്പത്തിക ജാതി സെൻസസ് (SECC) ഡാറ്റ അടിസ്ഥാനമാക്കിയാണ് ആദ്യഘട്ടത്തിൽ യോഗ്യരായ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത്. പിന്നീട് 2018-2019ലെ ആവാസ് പ്ലസ് സർവേയിലൂടെയും 2024-2025ലെ ആവാസ് + (2024) സർവേയിലൂടെയും ഗുണഭോക്താക്കളെ കണ്ടെത്തി.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും ചേർന്നാണ് കേരളത്തിൽ ഈ പദ്ധതി നടപ്പാക്കുന്നത്. പൊതുവിഭാഗത്തിന് 1,20,000 രൂപയാണ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് ചെലവ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ ഈ വിഹിതം പങ്കിടുന്നു. ഇതിൽ കേന്ദ്ര വിഹിതം 72,000 രൂപയും സംസ്ഥാന വിഹിതം 48,000 രൂപയുമാണ്. ഗ്രാമപഞ്ചായത്ത് വിഹിതം (70,000), ബ്ലോക്ക് പഞ്ചായത്ത് വിഹിതം (1,12,000), ജില്ലാ പഞ്ചായത്ത് വിഹിതം (98,000) എന്നിവ ചേർത്ത് നാല് ലക്ഷം രൂപയാണ് ജനറൽ വിഭാഗത്തിലെ ഒരു ഗുണഭോക്താവിന് കേരളത്തിൽ നൽകുന്നത്.

2016-17 മുതൽ 2023-24 വരെയുള്ള കാലയളവിൽ 35,156 വീടുകൾ അനുവദിച്ചതിൽ 34,263 എണ്ണം പൂർത്തിയായി (97.5%). 2024-25 മുതൽ 2026-27 വരെയുള്ള കാലയളവിൽ 1,94,697 വീടുകൾ അനുവദിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 2026 ജൂണിലെ കണക്കനുസരിച്ച് 82,948 യോഗ്യരായ ഗുണഭോക്താക്കളുണ്ട്. ആവാസ് പ്ലസ് സർവേയിലൂടെ 1,85,503 പുതിയ ഗുണഭോക്താക്കളെ പുതുതായി കണ്ടെത്തിയിട്ടുണ്ട്.



# ദേശീയ പഞ്ചായത്ത് അവാർഡുകൾ

## കേരളത്തിന്റെ മികവിന് അംഗീകാരം

കേന്ദ്ര പഞ്ചായത്തി രാജ് മന്ത്രാലയം നൽകുന്ന ദേശീയ പഞ്ചായത്ത് അവാർഡുകളിൽ (2025) കേരളത്തിലെ വിവിധ പഞ്ചായത്തുകൾ ഒന്നിലധികം മേഖലകളിൽ മികച്ച പ്രകടനം കാഴ്ചവച്ചു. ജൂൺ മൂന്നിന് ന്യൂഡൽഹിയിൽ നടന്ന ചടങ്ങിലാണ് അവാർഡുകൾ സമ്മാനിച്ചത്. അടിസ്ഥാന സൗകര്യ വികസനം, ശിശുക്ഷേമം, ആരോഗ്യം, പ്രാദേശിക ഭരണം എന്നീ മേഖലകളിലാണ് അവാർഡുകൾ ലഭിച്ചത്. സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി (SDG) ബന്ധപ്പെട്ട നേട്ടങ്ങൾ പരിഗണിച്ചാണ് രാജ്യത്തെ മികച്ച പഞ്ചായത്തുകളെ ആദരിക്കുന്നത്.




ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് മികച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള ഒന്നാം സ്ഥാനം നേടി. ഇതിന് രണ്ടുകോടി രൂപയുടെ പ്രോത്സാഹന തുക ലഭിച്ചു. കോട്ടയം ജില്ലയിലെ മേലുകാവ് ഗ്രാമപഞ്ചായത്ത് ആത്മനിർഭര അടിസ്ഥാന സൗകര്യ വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും ഒരു കോടി രൂപ നേടുകയും ചെയ്തു. പത്തനംതിട്ട ജില്ലയിലെ നിരണം ഗ്രാമപഞ്ചായത്ത് ആരോഗ്യ പഞ്ചായത്ത് വിഭാഗത്തിൽ മൂന്നാം സ്ഥാനം നേടി 25 ലക്ഷം രൂപയും, തിരുവനന്തപുരം ജില്ലയിൽ വർക്കലയിലെ ഒറ്റൂർ ഗ്രാമപഞ്ചായത്ത് ശിശുസൗഹൃദ പഞ്ചായത്ത് വിഭാഗത്തിൽ മൂന്നാം സ്ഥാനം നേടി 50 ലക്ഷം രൂപയും കരസ്ഥമാക്കി.

പുനരുജ്ജീവിപ്പിച്ച രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (RGSA) പദ്ധതിയുടെ ഭാഗമായാണ് പഞ്ചായത്തുകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം ഈ അവാർഡുകൾ നൽകുന്നത്.ആരോഗ്യം, ശിശുക്ഷേമം, ഭരണം, ജല മാനേജ്മെന്റ്, അടിസ്ഥാന സൗകര്യം, വനിതാ ശാക്തീകരണം, സുസ്ഥിര വികസനം തുടങ്ങി വിവിധ മേഖലകളിലെ പ്രവർത്തനങ്ങളാണ് അവാർഡുകൾക്കായി പരിഗണിച്ചത്. 'പഞ്ചായത്ത് അഡ്വാൻസ്മെന്റ് (PAI) സൂചികയെ അടിസ്ഥാനമാക്കിയായിരുന്നു തിരഞ്ഞെടുപ്പ് പ്രക്രിയ, ഇത് സുസ്ഥിര വികസന ലക്ഷ്യങ്ങൾ പ്രാദേശികതലത്തിൽ യാഥാർത്ഥ്യമാക്കുന്നതിലെ പ്രകടനമാണ് ഇതിനായി വിലയിരുത്തുന്നത്.

രാജ്യത്തുടനീളമുള്ള ആകെ 42 പഞ്ചായത്തുകളെയാണ് അവാർഡിനായി തിരഞ്ഞെടുത്തത്. രണ്ട് പ്രധാന വിഭാഗങ്ങളിലായാണ് അവാർഡുകൾ നൽകുന്നത്. ഒമ്പത് സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ (LSDGs) പ്രാദേശികവൽക്കരണ തീമുകളിലെ മികച്ച പ്രവർത്തനങ്ങൾ അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്തുകളെ ആദരിക്കുന്നതാണ് ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് സതത് വികാസ് പുരസ്കാരം (DDUPSVP). ദാരിദ്ര്യരഹിതവും മെച്ചപ്പെട്ട ഉപജീവനമാർഗമുള്ളതുമായ പഞ്ചായത്ത്, ആരോഗ്യകരമായ പഞ്ചായത്ത്, ശിശുസൗഹൃദ പഞ്ചായത്ത്, ജലസമൃദ്ധമായ പഞ്ചായത്ത്, വൃത്തിയുള്ളതും പച്ചപ്പുള്ളതുമായ പഞ്ചായത്ത്, സ്വയംപര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളുള്ള പഞ്ചായത്ത്, സാമൂഹിക നീതിയും സാമൂഹിക സുരക്ഷയുമുള്ള പഞ്ചായത്ത്, നല്ല ഭരണനിർവഹണമുള്ള പഞ്ചായത്ത്, സ്ത്രീസൗഹൃദ പഞ്ചായത്ത് എന്നിവയാണ് 9 തീമുകൾ. ഓരോ തീമിലും ഒന്ന്, രണ്ട്, മൂന്ന് റാങ്കുകൾ ന ൽകുന്നു




സംസ്ഥാനത്തിന്റെ വികേന്ദ്രീകൃത ഭരണമാതൃകയുടെയും ഫലപ്രദമായ അടിസ്ഥാന തല ആസൂത്രണ സമ്പ്രദായത്തിന്റെയും ശക്തി വീണ്ടും തെളിയിക്കുന്നതാണ് കേരളത്തിന്റെ ഈ മികച്ച പ്രകടനം.

**നാഥൻ വി.കെ.**
പ്രസിഡന്റ്, ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്



**നാനാജി ദേശ്മുഖ് സർവോത്തം പഞ്ചായത്ത് സതത് വികാസ് പുരസ്കാരം – ഒന്നാം സ്ഥാനം, 2 കോടി രൂപ**

# ഹരിപ്പാട് മികച്ച ബ്ലോക്ക് പഞ്ചായത്ത്

> സംയോജിത വികസന ആസൂത്രണം, ക്ഷേമപദ്ധതികളുടെ നടത്തിപ്പ്, അടിസ്ഥാന സൗകര്യ വികസനം, ഉപജീവന മാർഗങ്ങളുടെ പ്രോത്സാഹനം, സാമൂഹിക നീതി ഉറപ്പാക്കൽ, സുസ്ഥിര പ്രാദേശിക ഭരണം എന്നിവയിലാണ് ഈ ബ്ലോക്ക് പഞ്ചായത്ത് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

സാംസ്കാരിക സമൃദ്ധിയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും കൊണ്ട് ശ്രദ്ധേയമായ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് അതിന്റെ ചരിത്രപരമായ പ്രാധാന്യം, കാർഷിക പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ശക്തമായ ജനപങ്കാളിത്തം എന്നിവയാൽ പ്രശസ്തമാണ്. ജില്ലാതല ഭരണ സംവിധാനങ്ങളും ഗ്രാമപഞ്ചായത്തുകളും തമ്മിലുള്ള ഏകോപനത്തിന്റെ സുപ്രധാന കണ്ണിയായി പ്രവർത്തിക്കുന്നതിലെ വിജയമാണ് ബ്ലോക്ക് പഞ്ചായത്തിന്റെ മികവിന് അടിത്തറയായത്.

സംയോജിത വികസന ആസൂത്രണം, ക്ഷേമ പദ്ധതികളുടെ നടത്തിപ്പ്, അടിസ്ഥാന സൗകര്യ വികസനം, ഉപജീവന മാർഗങ്ങളുടെ പ്രോത്സാഹനം, സാമൂഹിക നീതി ഉറപ്പാക്കൽ, സുസ്ഥിര പ്രാദേശിക ഭരണം എന്നിവയിലാണ് ഈ ബ്ലോക്ക് പഞ്ചായത്ത് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. സുതാര്യത,

ഉത്തരവാദിത്തം, നവീകരണം, ഉൾക്കൊള്ളുന്ന വികസനം എന്നിവയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് മുൻഗണന നൽകുന്നു. ഫലപ്രദമായ നേതൃത്വം, പങ്കാളിത്ത ആസൂത്രണം, തികഞ്ഞ ഏകോപന ത്തോടെയുള്ള സേവന വിതരണം എന്നിവയിലൂടെ ആരോഗ്യം, വിദ്യാഭ്യാസം, ശുചിത്വം, വനിതാ ശാക്തീകരണം, കൃഷി, ദാരിദ്ര്യ നിർമാർജനം, പ രിസ്ഥിതി സുസ്ഥിരത തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകാൻ ഈ ബ്ലോക്കിന് സാധിച്ചിട്ടുണ്ട്.

നിരവധി വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ഫലപ്രദമായി നടപ്പിലാക്കാൻ ഈ കാലയളവിൽ ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞു. വാർഷിക വികസന പദ്ധതികളിലൂടെ ഗ്രാമീണ റോഡുകളുടെ പുരോ ഗതിയും നവീകരണവും ഉറപ്പാക്കി. ഇതുവഴി ഗതാഗത സൗകര്യങ്ങളും കണക്റ്റിവിറ്റിയും വർധിപ്പിച്ചു.

മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗങ്ങൾ മെച്ചപ്പെടുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി വള്ളങ്ങളും മത്സ്യബന്ധന വലകളും വിതരണം ചെയ്യുന്ന പദ്ധതികൾ നടപ്പിലാക്കി.

കാർഷിക ഉൽപ്പാദനക്ഷമത പ്രോത്സാഹിപ്പി ക്കുന്നതിനായി നെൽക്കർഷകർക്ക് നെൽവിത്ത് സബ് സിഡി പദ്ധതി നടപ്പാക്കി. തെങ്ങ് കർഷകർക്കായി 'കേരളം ഹരിതം' പദ്ധതിയും മഞ്ഞൾ കർഷകർക്കായി 'മഞ്ഞൾ പ്രഭാതം' പദ്ധതിയും ആവിഷ്കരിച്ചു. ക്ഷീര കർഷകരെ പിന്തുണയ്ക്കുന്നതിനായി കാലി ത്തീറ്റയ്ക്കും പാൽ ഉൽപ്പാദനത്തിനും സബ്സിഡികൾ നൽകി.

ഭിന്നശേഷിക്കാർക്ക് സഞ്ചാര സ്വാതന്ത്ര്യം, സമത്വം, സാമൂഹിക ഉൾച്ചേർക്കൽ എന്നിവ ഉറപ്പാക്കു ന്നതിനായി സൈഡ്-വീൽ സ്കൂട്ടറുകൾ വിതരണം ചെയ്യുന്ന പദ്ധതിയും ബ്ലോക്ക് പഞ്ചായത്ത് ന ടപ്പിലാക്കി. ഭിന്നശേഷിക്കാർക്കായി കലാമേളകളും ഉൾച്ചേർക്കൽ (Inclusion) പരിപാടികളും സംഘടിപ്പിച്ചു.

പട്ടികജാതി കോളനികളിൽ സാംസ്കാരിക കേന്ദ്രങ്ങളും ലൈബ്രറികളും സ്ഥാപിച്ചു. ശിശു ക്ഷേമവും ബാല്യകാല വികസനവും ലക്ഷ്യമിട്ട് 'സാക്ഷം മാതൃകാ അങ്കണവാടികൾ' വികസി പ്പിച്ചെടുത്തു.

സുരക്ഷിതമായ കുടിവെള്ളം ഉറപ്പാക്കുന്നതിനായി പൊതുസ്ഥലങ്ങളിൽ ആർ.ഒ. (RO) പ്ലാന്റുകൾ സ്ഥാപിച്ചു. പി.എം.എ.വൈ.-ഗ്രാമീൺ (PMAY-G), ലൈഫ് (LIFE) മിഷൻ പദ്ധതികളിലൂടെ ഭവന രഹിതർക്ക് വീടുകൾ നൽകി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ ഗ്രാമീണ റോഡുകളുടെ വികസനം, ജലസംരക്ഷണ പ്രവർ ത്തനങ്ങൾ, കുളങ്ങളുടെ നവീകരണം, മഴവെള്ള സംഭരണം എന്നിവ നടപ്പിലാക്കി.

സ്ത്രീകളുടെ വരുമാനവും സ്വയംതൊഴിൽ അവസരങ്ങളും വർധിപ്പിക്കുന്നതിനായി വർക്ക്

> **ഭിന്നശേഷിക്കാർക്ക് സഞ്ചാര സ്വാതന്ത്ര്യം, സമത്വം, സാമൂഹിക ഉൾച്ചേർക്കൽ എന്നിവ ഉറപ്പാക്കുന്നതിനായി സൈഡ്-വീൽ സ്കൂട്ടറുകൾ വിതരണം ചെയ്യുന്ന പദ്ധതി ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കി. ഭിന്നശേഷിക്കാർക്കായി കലാമേളകളും ഉൾച്ചേർക്കൽ (Inclusion) പരിപാടികളും സംഘടിപ്പിച്ചു.**

ഷെഡുകൾ, പരിശീലന കേന്ദ്രങ്ങൾ, സംരംഭകത്വ പിന്തുണാ പദ്ധതികൾ എന്നിവ സ്ഥാപിച്ചു.

നിരവധി നൂതന സാമൂഹിക വികസന പദ്ധതികളും ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കി. ലഹരിമുക്തവും ആരോഗ്യബോധമുള്ളതുമായ ഒരു യുവസമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ഹെൽത്തി ഹരിപ്പാട് (Healthy Harippad) പദ്ധതി ആവിഷ്കരിച്ചു. സ്വമേധയാ രക്തദാനവും അടിയന്തരഘട്ടങ്ങളിലെ സഹായവും പ്രോത്സാ ഹിപ്പിക്കുന്നതിനായി ബി പോസിറ്റീവ് ഹരിപ്പാട് ബ്ലഡ് ഡൊണേഷൻ ആർമി (Be Positive Harippad Blood Donation Army) രൂപീകരിച്ചു. കൗമാരക്കാരായ പെൺകുട്ടികളിൽ ആർത്തവ ശുചിത്വവും ആരോഗ്യ അവബോധവും ഉറപ്പാക്കുന്നതിനായി ശുദ്ധി പ്രോജക്ട് (Shuddhi Project) നടപ്പിലാക്കി. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പൂർണ സാക്ഷരത കൈവരിക്കുക എന്ന ലക്ഷ്യ ത്തോടെ പ്രതിഭ പ്രോജക്ട് (Prathibha Project) ആരംഭിച്ചു. രോഗങ്ങൾ നേരത്തേ കണ്ടെത്തുന്നതിനും പ്രതിരോധ ആരോഗ്യസംരക്ഷണം ഉറപ്പാക്കുന്നതിനുമായി കാൻസർ നിർണയ ക്യാമ്പുകളും ആരോഗ്യ പരി ശോധനാ ക്യാമ്പുകളും ഉൾപ്പെടുത്തിയ സൗഖ്യം പ്രോജക്ട് (Soukhyam Project) നടപ്പിലാക്കി. പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനും സമഗ്ര വികസന ത്തിനുമായി അരികെ പ്രോജക്ട് (Arike Project) നടപ്പാക്കി. കാർഷിക-ക്ഷീര മേഖലകളുടെ വികസനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി സമഗ്ര, ക്ഷീരശ്രീ പദ്ധതികളും ആവിഷ്കരിച്ചു. ഈ പദ്ധതികളെല്ലാം ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ ജനകീയവും വികസനോന്മുഖവുമായ ഭരണസമീപനത്തിന്റെ മികച്ച ഉദാഹരണങ്ങളാണ്.

**ജയചന്ദ്രൻ ജി.**
പ്രസിഡന്റ്, ഒറ്റൂർ ഗ്രാമപഞ്ചായത്ത്




**ദീൻദയാൽ ഉപാധ്യായ പഞ്ചായത്ത് സതത് വികാസ് പുരസ്കാരം**

# ഒറ്റൂർ ഗ്രാമപഞ്ചായത്തിന് ദേശീയ പഞ്ചായത്തീരാജ് പുരസ്കാരം

ഈ വർഷത്തെ ദേശീയ പഞ്ചായത്തീരാജ് പുരസ്കാരങ്ങളിൽ അഭിമാനകരമായ നേട്ടം കൈവരിച്ചുകൊണ്ട് ഒറ്റൂർ ഗ്രാമപഞ്ചായത്ത് കേരളത്തിനും തിരുവനന്തപുരം ജില്ലയ്ക്കും വർക്കല ബ്ലോക്കിനും വലിയൊരു ദേശീയ അംഗീകാരം നേടിക്കൊടുത്തു. മികച്ച ഭരണനിർവഹണത്തിനും ജനകീയ സംരംഭങ്ങൾക്കും ലഭിച്ച സാക്ഷ്യപ്പെടുത്തൽ എന്ന നിലയിൽ, കടുത്ത മത്സരമുള്ള 'ശിശുസൗഹൃദ പഞ്ചായത്ത്' (Child-Friendly Panchayat) എന്ന വിഭാഗത്തിൽ ഈ പഞ്ചായത്തിന് മൂന്നാം സ്ഥാനം ലഭിച്ചു. കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം നൽകിയ ഈ അവാർഡിനൊപ്പം 50 ലക്ഷം രൂപയുടെ ധനസഹായവും ലഭിച്ചു. അവാർഡ് വിതരണ ചടങ്ങ് 2026 ജൂൺ 3-ന് ന്യൂഡൽഹിയിൽ നടന്നു .

## സമഗ്ര ശിശുവികസനത്തിനുള്ള അംഗീകാരം

ദേശീയ പഞ്ചായത്തീരാജ് പുരസ്കാരങ്ങളിൽ 'ആരോഗ്യ പഞ്ചായത്ത്' (Healthy Panchayat) എന്ന പ്രമേയം ഉൾപ്പെടെ നിരവധി വിഭാഗങ്ങൾ ഉൾപ്പെടുന്നുണ്ട് - കുട്ടികളുടെ സമഗ്രമായ വികസനത്തിന് അനുകൂലമായ അന്തരീക്ഷം ഒരുക്കുന്നതിനുള്ള മികച്ച പ്രവർത്തനങ്ങൾക്കാണ് ഒറ്റൂർ പുരസ്കാരം നേടിയത്.

> മികച്ച ഭരണനിർവഹണത്തിനും ജനകീയ സംരംഭങ്ങൾക്കും ലഭിച്ച സാക്ഷ്യപ്പെടുത്തൽ എന്ന നിലയിൽ, കടുത്ത മത്സരമുള്ള 'ശിശുസൗഹൃദ പഞ്ചായത്ത്' എന്ന വിഭാഗത്തിൽ ഈ പഞ്ചായത്തിന് മൂന്നാം സ്ഥാനം ലഭിച്ചു.

ഈ അംഗീകാരം വെറും ഒന്നോ രണ്ടോ പദ്ധതികൾക്കുള്ളതല്ല, മറിച്ച് നിരന്തരവും ബഹുമുഖവുമായ ഒരു സമീപനത്തിനുള്ളതാണ്. മന്ത്രാലയത്തിന്റെ മൂല്യനിർണ്ണയ പ്രക്രിയ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ (LSDGs) പ്രാദേശിക വൽക്കരണത്തിന് അനുസൃതമായി തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രകടനം വിലയിരുത്തുന്നു. പ്രധാനമായും, സമൂഹത്തിലെ ഏറ്റവും പ്രായം കുറഞ്ഞവരുടെ അവകാശങ്ങൾ, വിദ്യാഭ്യാസം, സംരക്ഷണം, മൊത്തത്തിലുള്ള ക്ഷേമം എന്നിവ ഉറപ്പാക്കുന്നതിലാണ് ഇത് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

## വിജയത്തിന്റെ പ്രധാന ഘടകങ്ങൾ

ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ വിജയത്തിന് പിന്നിൽ പ്രധാനമായും താഴെ പറയുന്ന ഘടകങ്ങളാണ് ഉള്ളത്:

ഗുണമേന്മയുള്ള വിദ്യാഭ്യാസം: പ്രാദേശിക സ്കൂളുകളിൽ നിക്ഷേപം നടത്തുക, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, എല്ലാ കുട്ടികൾക്കും അവരുടെ പശ്ചാത്തലം നോക്കാതെ ആകർഷകമായ പഠന അവസരങ്ങൾ ഒരുക്കുക.

ശിശുസംരക്ഷണവും സുരക്ഷയും: കുട്ടികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും തടയുന്നതിനും പ്രതികരിക്കുന്നതിനും ശക്തമായ സംവിധാനങ്ങൾ നടപ്പിലാക്കുക. പൊതുസ്ഥലങ്ങളിലും വീടിനുള്ളിലും സുരക്ഷിതവും ഭദ്രവുമായ അന്തരീക്ഷം സൃഷ്ടിക്കുക.

കമ്മ്യൂണിറ്റി ആരോഗ്യവും പോഷണവും: ഏറ്റവും പ്രധാനമായി, ഈ വിഭാഗത്തിലെ പഞ്ചായത്തിന്റെ വിജയം ആരോഗ്യവും ശുചിത്വവുമായി (Health and Sanitation) അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. കുട്ടികൾക്ക് ശുദ്ധജലം, ശരിയായ ശുചിത്വ സൗകര്യങ്ങൾ, അവശ്യ ആരോഗ്യ സംരക്ഷണം, പോഷകാഹാര സേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നത് ഉറപ്പാക്കുന്നു. കുട്ടികളെ കേന്ദ്രീകരിച്ചുള്ള കമ്മ്യൂണിറ്റി ആരോഗ്യ പരിപാടികൾ, സ്കൂളുകളിൽ പതിവ് വൈദ്യപരിശോധനകൾ, പ്രത്യേക പോഷകാഹാര ആവശ്യങ്ങൾ പരിഹരിക്കൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ശിശുസൗഹൃദ അന്തരീക്ഷത്തിന് നൽകുന്ന ശ്രദ്ധ അടിസ്ഥാനപരമായി ദീർഘകാല കമ്മ്യൂണിറ്റി ആരോഗ്യത്തിനായുള്ള വലിയ നിക്ഷേപമാണ്.

കുട്ടികളുടെ പങ്കാളിത്തം: കുട്ടികൾക്ക് അവരുടെ കാഴ്ചപ്പാടുകൾ പ്രകടിപ്പിക്കാനും, അവരെ ബാധിക്കുന്ന തീരുമാനമെടുക്കൽ പ്രക്രിയകളിൽ പങ്കുചേരാനും, അവശ്യമായ പൗരസമൂഹ നൈപുണ്യങ്ങൾ വികസിപ്പിക്കാനും സുരക്ഷിതമായ ഇടങ്ങളും വേദികളും സൃഷ്ടിക്കുക.

വിനോദത്തിനുള്ള സൗകര്യങ്ങൾ: ശാരീരിക പ്രവർത്തനങ്ങളും സാമൂഹിക ഇടപെടലുകളും പ്രോത്സാഹിപ്പിക്കുന്ന പാർക്കുകളും സുരക്ഷിതമായ കളിസ്ഥലങ്ങളും വികസിപ്പിക്കുക.

## അവാർഡിന്റെ പ്രാധാന്യം

കേരളം പ്രശസ്തമായ വികേന്ദ്രീകൃത ആസൂത്രണത്തിനും ഫലപ്രദമായ പ്രാദേശിക ഭരണത്തിനും ലഭിച്ച ശക്തമായ അംഗീകാരമാണിത്. ഒറ്റൂരിനെ സംബന്ധിച്ചിടത്തോളം, പഞ്ചായത്ത് ഭരണസമിതി, ഉദ്യോഗസ്ഥർ, മുൻനിര പ്രവർത്തകർ (ആരോഗ്യ-ശിശുക്ഷേമ മേഖലകളിൽ പ്രവർത്തിക്കുന്ന ആശാ വർക്കർമാർ, അംഗൻവാടി ജീവനക്കാർ എന്നിവരടക്കം), എല്ലാറ്റിലുമുപരി കമ്മ്യൂണിറ്റിയുടെ സജീവമായ പങ്കാളിത്തം എന്നിവയുടെ നിരന്തരമായ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണിത്.

ഈ അവാർഡും അതിനോടൊപ്പമുള്ള സാമ്പത്തിക ഗ്രാന്റും ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ നിലവിലുള്ളതും ഭാവിയിലേതുമായ വികസന പദ്ധതികളെ കൂടുതൽ ഉത്തേജിപ്പിക്കും. രാജ്യത്തെ മറ്റ് തദ്ദേശസ്ഥാപനങ്ങൾക്ക് അനുകരിക്കാവുന്ന ഒരു

> കുട്ടികളുടെ സമഗ്രമായ വികസനത്തിന് അനുകൂലമായ അന്തരീക്ഷം ഒരുക്കുന്നതിനുള്ള മികച്ച പ്രവർത്തനങ്ങൾക്കാണ് ഒറ്റൂർ പുരസ്കാരം നേടിയത്. ഈ അംഗീകാരം വെറും ഒന്നോ രണ്ടോ പദ്ധതികൾക്കുള്ളതല്ല, മറിച്ച് നിരന്തരവും ബഹുമുഖവുമായ ഒരു സമീപനത്തിനുള്ളതാണ്.

മാതൃകയാക്കി ഒറ്റൂരിനെ മാറ്റുന്നതിലായിരിക്കും തുടർന്നും ശ്രദ്ധ കേന്ദ്രീകരിക്കുക. കുട്ടികളിൽ നിക്ഷേപം നടത്തുന്നത് മുഴുവൻ സമൂഹത്തിന്റെയും ആരോഗ്യത്തിനും സ്ഥിരതയ്ക്കും ഭാവിക്കും വേണ്ടിയുള്ള നേരിട്ടുള്ള നിക്ഷേപമാണെന്ന ശക്തമായ സന്ദേശമാണ് ഇത് നൽകുന്നത്. തദ്ദേശഭരണം അതിലെ ഏറ്റവും ദുർബലരായ പൗരന്മാർക്ക് മുൻഗണന നൽകുമ്പോൾ, അത് എല്ലാവരുടെയും ഭാവി സുരക്ഷിതമാക്കുന്നു എന്ന് ഒറ്റൂരിന്റെ നേട്ടം കാണിച്ചുതരുന്നു.




# 'പാഴ് വസ്തുക്കളിൽ നിന്ന് മാതൃകാ പൂന്തോട്ടം'

## മന്ത്രി കെ.എം. ഷാജി ഉദ്ഘാടനം ചെയ്തു

പാഴ് വസ്തുക്കൾ പുനരുപയോഗിച്ച് ഒരുക്കിയ 'മാതൃകാ പൂന്തോട്ടം' തിരുവനന്തപുരത്തെ മണക്കാട് ഡോർസെറ്റ് സ്കൂളിൽ ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി കെ.എം. ഷാജി ഉദ്ഘാടനം ചെയ്തു. മാലിന്യങ്ങളെ പരിസ്ഥിതിക്ക് ഭീഷണിയായി കാണാതെ മൂല്യവർധിത വിഭവങ്ങളാക്കി മാറ്റുന്ന സംസ്കാരം സമൂഹത്തിൽ വളർത്തിയെടുക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതയാണെന്ന് മന്ത്രി പറഞ്ഞു. വീടുകളിൽ നിന്നും പൊതുസ്ഥാപനങ്ങളിൽ നിന്നുമുള്ള പാഴ് വസ്തുക്കൾ ഉപേക്ഷിക്കാതെ പുനരുപയോഗത്തിലൂടെ സൗന്ദര്യവും പ്രയോജനവും സൃഷ്ടിക്കാനാകുമെന്ന സന്ദേശമാണ് മാതൃകാ പൂന്തോട്ടം മുന്നോട്ടുവയ്ക്കുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

നഗരങ്ങളിലും ഗ്രാമങ്ങളിലും മാലിന്യ നിർമാർജനത്തെ ജനകീയ പ്രസ്ഥാനമാക്കി മാറ്റുന്നതിനുള്ള പ്രചോദനമാണ് ഇത്തരം മാതൃകകൾ. നാടിനെയും മണ്ണിനെയും മലിനമാകാതെ സംരക്ഷിക്കുന്നതിന് മാലിന്യ സംസ്കരണത്തിൽ ശാസ്ത്രീയ സമീപനവും ജനങ്ങളുടെ സജീവ പങ്കാളിത്തവും ഒരുപോലെ അനിവാര്യമാണ്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള പാഴ് വസ്തുക്കൾ ഉദ്യാനനിർമാണത്തിനും സൗന്ദര്യവൽക്കരണത്തിനുമായി പ്രയോജനപ്പെടുത്തുന്നത് വൃത്തിയുള്ള പരിസരവും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്ന മാതൃകാപ്രവർത്തനമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പുനരുപയോഗത്തിന്റെയും ഹരിതജീവിത ശൈലിയുടെയും സന്ദേശം പൊതുസമൂഹത്തിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിലാണ് മാതൃകാ പൂന്തോട്ടം രൂപകൽപന ചെയ്തത്. വിദ്യാർഥികൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും മാലിന്യ സംസ്കരണത്തിന്റെ പ്രായോഗിക മാതൃക പരിചയപ്പെടുത്തുന്നതിനും പരിസ്ഥിതി അവബോധം ശക്തിപ്പെടുത്തുന്നതിനും പദ്ധതി സഹായകമാകും. മേയർ വി.വി. രാജേഷ് അധ്യക്ഷത വഹിച്ചു. എൽ.എസ്.ജി.ഡി പ്രിൻസിപ്പൽ ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ, എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ബിപിൻ എസ്. അജു, സംസ്ഥാന മാലിന്യനിവാരണ ബോർഡ് ചെയർപേഴ്സൺ എൻ.എസ്. ശ്രീകല, ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ജി.കെ. സുരേഷ് കുമാർ, വാർഡ് കൗൺസിലർ ആർ. മിനി എന്നിവർ പങ്കെടുത്തു.



തദ്ദേശ സ്വയംഭരണവകുപ്പിന്റെ ചുമതലയൊഴിയുന്ന പ്രിൻസിപ്പൽ സെക്രട്ടറി ടി.വി. അനുപമ, പ്രിൻസിപ്പൽ ഡയറക്ടർ ജെറോമിക് ജോർജ് എന്നിവർക്ക് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ.എം. ഷാജി ഉപഹാരം നൽകുന്നു.



THADDESAKAM (MONTHLY) JUNE 2026
₹30 Annual Subscription ₹300, Published on JUNE 2026

RNI No. KERMAL/2023/89208
Press Registrar General of India Dated 16/12/2024




Printed & published and Owned by Dr. Divya S. Iyer I A S, Principal Director, Directorate of Local Self Government
Department of Kerala, Printed at Gramalekshmi Mudralayam, Kalliyoor, Thiruvananthapuram
Published from Principal Directorate, Swaraj Bhavan, Nandancode, Kowdiar P.O., Thiruvananthapuram, Kerala 695 003,
Editor: Deepa K.